2024 DECEMBER
03
TUESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper



2024 DECEMBER
03
TUESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# വൈദ്യുതി നിരക്ക് കൂട്ടും



**തിരുവനന്തപുരം:** സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർധന അനിവാര്യമെന്ന് മന്ത്രി കെ. കൃഷ്ണൻകുട്ടി. നിരക്ക് വർധന ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കും. എന്നാൽ വർധിപ്പിക്കുകയല്ലാതെ മറ്റു മാർഗമില്ലെന്നും മന്ത്രി പറഞ്ഞു. റെഗുലേറ്ററി കമ്മിഷൻ തെളിവെടുപ്പു കഴിഞ്ഞ് റിപ്പോർട്ട് ഉടൻ കെഎസ്ഇബിക്ക് കൈമാറും. റിപ്പോർട്ട് കിട്ടിയാലുടൻ സർക്കാർ വിഷയത്തിൽ ചർച്ച നടത്തും. സർക്കാരുമായും ജനങ്ങളുമായും ചർച്ച ചെയ്ത് അധികം ബുദ്ധിമുട്ടില്ലാത്ത വിധത്തിൽ തീരുമാനം നടപ്പിലാക്കാനാണ് നീക്കം. സമ്മർ താരിഫ് കൊണ്ടു വരുന്നതിനെക്കുറിച്ചും ആലോചനയുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു.

നിലവിൽ സംസ്ഥാനം കടുത്ത വൈദ്യുതി പ്രതിസന്ധി അഭിമുഖീകരിക്കുന്നുണ്ട്.

എങ്കിലും വൈദ്യുതി നിയന്ത്രണം ഉണ്ടാകില്ല. ആഭ്യന്തര ഉത്പാദനം കുറഞ്ഞതാണ് പ്രതിസന്ധി സൃഷ്ടിക്കുന്നത്. 70 ശതമാനം വൈദ്യുതി പുറത്തു നിന്ന് വാങ്ങേണ്ട അവസ്ഥയാണിപ്പോൾ.

ഹൈഡ്രൽ പ്രോജക്റ്റുകൾ പൂർത്തിയാകാത്തതും തിരിച്ചടയാകുന്നുണ്ടെന്ന് മന്ത്രി കൂട്ടിച്ചേർത്തു.

നിലവിൽ യൂണിറ്റിന് ശരാശരി 34 പൈസയെങ്കിലും കൂട്ടണമെന്നാണ് കെഎസ്ഇബി ആവശ്യപ്പെട്ടിരിക്കുന്നത്.

# ബ്ലാക്ക് ഫ്രൈഡേ ഓഫർ: നിരക്കുകൾ കുത്തനെ കുറച്ച് വിമാന കമ്പനികൾ

**മുംബൈ:** എയർ ഇന്ത്യ ബ്ലാക്ക് ഫ്രൈഡേയോടു അനുബന്ധിച്ച് ഇന്ത്യയ്ക്ക് അകത്തുള്ള ആഭ്യന്തര വിമാന ടിക്കറ്റുകൾക്ക് 20% ഡിസ്കൗണ്ടും രാജ്യാന്തര യാത്രകൾക്കുള്ള ടിക്കറ്റുകൾക്ക് 12% ഡിസ്കൗണ്ടും ലഭിക്കും. 2025 ജൂൺ 30 വരെയുള്ള ആഭ്യന്തര യാത്ര ടിക്കറ്റുകൾ നവംബർ 29 മുതൽ ഡിസംബർ രണ്ട് വരെ ബുക്ക് ചെയ്യാം. കൂടാതെ ഇന്ത്യയിൽ നിന്ന് ഓസ്ട്രേലിയയിലേക്കോ നോർത്ത് അമേരിക്കയിലേക്കോ ബുക്ക് ചെയ്യുന്ന ടിക്കറ്റുകൾക്ക് 2025 ഒക്ടോബർ 2025 വരെയും സാധുതയുണ്ട്. എയർ ഇന്ത്യയുടെ ഔദ്യോഗിക വെബ്സൈറ്റ് വഴിയോ മൊബൈൽ ആപ്ലിക്കേഷൻ വഴിയോ ആദ്യം ബുക്ക് ചെയ്യുന്നവർക്കാണ് ഈ ബ്ലാക്ക് ഫ്രൈഡേ ആനുകൂല്യം ലഭിക്കുന്നത്.

ഇൻഡിഗോ എയർലൈൻ ഒരുപടികൂടി കടന്ന് വിമാന ടിക്കറ്റുകൾക്ക് മാത്രമല്ല ബാഗേജിനും ഡിസ്കൗണ്ട് ഏർപ്പെടുത്തിയിരിക്കുകയാണ്. വൺവേ ആഭ്യന്തര യാത്ര നിരക്ക് 1,199 രൂപയായും അന്താരാഷ്ട്ര യാത്രാ നിരക്ക് 5,199 രൂപയായും ഡിസ്കൗണ്ട് ചെയ്തിരിക്കുകയാണ് ഇൻഡിഗോ എയർലൈൻസ്. 2025 ജനുവരി ഒന്ന് മുതൽ മാർച്ച് 31 വരെയുള്ള ആഭ്യന്തര അന്താരാഷ്ട്ര യാത്ര ടിക്കറ്റുകൾ ഈ ഓഫറിലൂടെ ബുക്ക് ചെയ്യാം. അധിക ബാഗേജ് നിരക്കുകൾക്കുള്ള ചാർജിൽ 15% ഡിസ്കൗണ്ടും ഫാസ്റ്റ് ഫോർവേഡ് സർവീസിൽ 50% ഡിസ്കൗണ്ടും ലഭ്യമാണ്.



# ഐആർഎസ് ഉദ്യോഗസ്ഥർ രാജ്യത്തിന്റെ സാമ്പത്തിക അതിർത്തികളുടെ സംരക്ഷകർ: രാഷ്ട്രപതി

**ഡൽഹി:** ഇന്ത്യൻ റവന്യൂ സർവീസ് (കസ്റ്റംസും പരോക്ഷ നികുതിയും) ഓഫീസർ ട്രെയിനികൾ രാഷ്ട്രപതി ദ്രൗപദി മുർമുവിനെ രാഷ്ട്രപതി ഭവനിൽ സന്ദർശിച്ചു .ഇന്ത്യൻ റവന്യൂ സർവീസ് (കസ്റ്റംസ്, പരോക്ഷ നികുതികൾ),നമ്മുടെ സമ്പദ്‌വ്യവസ്ഥയെ ഏകീകൃത നികുതി സമ്പ്രദായത്തിലൂടെയും പങ്കിട്ട ഭരണമൂല്യങ്ങളിലൂടെയും ബന്ധിപ്പിക്കുന്നുവെന്ന് രാഷ്ട്രപതി പറഞ്ഞു. ഈ സേവനം രാജ്യത്തെ നികുതി ഭരണത്തിൽ ഏകീകരണം പ്രോത്സാഹിപ്പിക്കുന്നു. കേന്ദ്രഗവൺമെന്റ്, ബിസിനസ്സ്, വിവിധ സംസ്ഥാനങ്ങളിലെ നികുതി ഭരണ സമ്പ്രദായങ്ങൾ എന്നിവയ്ക്കിടയിലുള്ള വളരെ പ്രധാനപ്പെട്ട കണ്ണിയാണ് ഐആർഎസ് ഓഫീസർമാർ.സാമ്പത്തിക അതിർത്തികളുടെ സംരക്ഷകരാണ് ഐആർഎസ് ഉദ്യോഗസ്ഥർ. അവർ എപ്പോഴും സത്യസന്ധതയോടും അർപ്പണബോധത്തോടും കൂടി പ്രവർത്തിക്കേണ്ടതുണ്ടെന്നും രാഷ്ട്രപതി ഉദ്യോഗസ്ഥരോട് പറഞ്ഞു. മറ്റ് രാജ്യങ്ങളുമായുള്ള വ്യാപാര കരാറുകൾ സുഗമമാക്കുന്നതിൽ അവരുടെ പങ്ക് പ്രധാനമാണ്.ഇന്ത്യൻ റവന്യൂ സർവീസ് (കസ്റ്റംസ്, പരോക്ഷ നികുതികൾ), സാമ്പത്തിക വികസനത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും, സാമൂഹികസാമ്പത്തിക പദ്ധതികളുടെ നടത്തിപ്പിനും, വിദ്യാഭ്യാസആരോഗ്യ സേവനങ്ങൾക്കുമായി വിഭവങ്ങൾ വിനിയോഗിക്കാൻ രാജ്യത്തെ പ്രാപ്തമാക്കുന്നുവെന്ന് രാഷ്ട്രപതി പറഞ്ഞു. ഇത് രാഷ്ട്രനിർമ്മാണത്തിൽ ഐആർഎസ് ഉദ്യോഗസ്ഥരുടെ പ്രധാന പങ്ക് എടുത്തു കാട്ടുന്നു. ഒരു ഭരണകർത്താവ് എന്ന നിലയിൽ അവരുടെ പങ്ക് നിറവേറ്റുന്നതിന്, സുതാര്യവും ഉത്തരവാദിത്തം ഉറപ്പാക്കുന്നതുമായ സംവിധാനങ്ങളും പ്രക്രിയകളും വികസിപ്പിക്കേണ്ടതുണ്ടെന്ന് രാഷ്ട്രപതി ഓഫീസർമാരോട് പറഞ്ഞു.നൂതനവും ചലനാത്മകവുമായ ഈ യുഗത്തിൽ നികുതി പിരിവിൽ കൃത്രിമത്വം കുറയ്ക്കാനും നികുതി പിരിവിനും സാങ്കേതികവിദ്യ കൂടുതൽ ഉപയോഗിക്കാൻ ശ്രമിക്കണമെന്ന് രാഷ്ട്രപതി പറഞ്ഞു. നികുതി ഭരണരംഗത്ത് പുതിയ ആശയങ്ങളും പുതിയ പരിഹാരങ്ങളും കൊണ്ടുവരാനുള്ള ഉത്തരവാദിത്തം യുവ ഓഫീസർമാരിൽ നിക്ഷിപ്തമാണ്.രാഷ്ട്രപതി പറഞ്ഞു.

# സ്കോഡ കൈലാഖ് ബുക്കിംഗ് തുടങ്ങി

**കൊച്ചി:** സ്കോഡയുടെ ഇടത്തരം എസ്യുവിയായ കൈലാഖിൻറെ ബുക്കിംഗ് തുടങ്ങി. ജനുവരി 27ന് വിതരണം ആരംഭിക്കും. ക്ലാസിക്, സിഗ്നേച്ചർ, സിഗ്നേച്ചർ പ്ലസ്, പ്രസ്റ്റീജ് എന്നീ വകഭേദങ്ങളിൽ കൈലാഖ് ലഭ്യമാണ്.എക്സ്ഷോറും വില: ക്ലാസിക് 7,89,000 രൂപ, സിഗ്നേച്ചർ 1.0 ടിഎസ്ഐ എംടി 9,59,000 രൂപ, സിഗ്നേച്ചർ 1.0 ടിഎസ്ഐഎടി10,59,000 രൂപ, സിഗ്നേച്ചർ പ്ലസ് ടിഎസ്ഐഎംടി 11,40,000 രൂപ, സിഗ്നേച്ചർ പ്ലസ് 1.0 ടി എസ്ഐഎടി 12,40,000 രൂപ, പ്രസ്റ്റീജ് 1.0 ടി എസ്ഐഎംടി 13,35,000 രൂപ, പ്രസ്റ്റീജ് 1.0 ടിഎസ്ഐഎടി 14,40,000 രൂപ എന്നിങ്ങനെയാണ്. ആദ്യം ബുക്ക് ചെയ്യുന്ന 33,333 പേർക്ക് മൂന്നു വർഷത്തേക്കു സൗജന്യ മെയിൻറനൻസ് പാക്കേജ് കമ്പനി വാഗ്ദാനം ചെയ്യുന്നു.



## കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് വിദ്യാഭ്യാസ ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള തൊഴിലാളികളുടെ മക്കൾക്ക് 202425 വർഷത്തെ ഡിഗ്രി, പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള വിദ്യാഭ്യാസ ധനസഹായത്തിനുള്ള അപേക്ഷ ക്ഷണിച്ചു.

ക്ഷേമനിധിയിൽ അംഗത്വമെടുത്ത് 2024 മെയ് 31 ന് രണ്ടുവർഷം പൂർത്തീകരിച്ചു കുടിശിക കൂടാതെ വിഹിതം അടച്ചുവരുന്ന തൊഴിലാളികളുടെ മക്കൾക്കാണു ധനസഹായത്തിന് അർഹതയുള്ളത്. കേരളത്തിലെ ഗവ: അംഗീകൃത സ്ഥാപനങ്ങളിൽ സർക്കാർ അംഗീകൃത ഫുൾടൈം കോഴ്സുകളിൽ ഡിഗ്രി, പി.ജി, പ്രൊഫഷണൽ കോഴ്സുകൾ, പോളിടെക്നിക്, എഞ്ചിനീയറിംഗ്, മെഡിസിൻ, അഗ്രിക്കൾച്ചർ, നഴ്സിംഗ് പാരാമെഡിക്കൽ കോഴ്സുകളിൽ ഉപരിപഠനം നടത്തുന്നതിനാണ് ധനസഹായം അനുവദിക്കുന്നത്. അപേക്ഷാ ഫാറം 10 രൂപ നിരക്കിൽ ബോർഡിന്റെ ഓഫീസുകളിൽ നിന്നും ലഭിക്കും. വിദ്യാഭ്യാസ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി നൽകുന്ന അപേക്ഷാ ഫാറങ്ങൾ ക്ഷേമനിധി ബോർഡിന്റെ ഓഫീസുകളിൽ ജനുവരി 31 വരെ സ്വീകരിക്കും. ഫോൺ 04772251577

## ഫോക്ലോർ ഫെസ്റ്റ് ഔപചാരിക ഉദ്ഘാടനം 21ലേക്ക് മാറ്റി

**കൊച്ചി:** മോശം കാലാവസ്ഥയെ തുടർന്ന് ഇന്നു (ഡിസംബർ മൂന്ന്) നിശ്ചയിച്ച വൈപ്പിൻ ഫോക്ലോർ ഫെസ്റ്റ് വിഎഫ്എഫ് 24 ഔപചാരിക ഉദ്ഘാടനവും ക്വിസും കലാപരിപാടികളും അനുബന്ധ പരിപാടികളും മാറ്റി. ഈ മാസം 21ന് ബോൾഗാട്ടി പാലസിൽ അനുബന്ധ പരിപാടി നടത്തും.

കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിന്റെ നിഗമനം മാനിച്ചാണു നടപടിയെന്നു കെ എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎ അറിയിച്ചു. ഏതാനും ദിവസം കൂടി മഴ തുടരാനാണ് സാധ്യത. ഫോക്ലോർ ഫെസ്റ്റിന്റെ മറ്റു പരിപാടികൾ നിശ്ചയിച്ച പ്രകാരം തുടരും..

## ജില്ലാതല ടെക്നിക്കൽ കമ്മിറ്റി രൂപീകരണം

**കൊച്ചി:** ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ആന്റ് എഞ്ചിനീയറിംഗ് വിംഗ് എറണാകുളം ജില്ലാ ഡിവിഷന്റെ നേതൃത്വത്തിലുള്ള ഇലക്ട്രിക്കൽ കമ്മിറ്റിയുടെ ഫോറത്തിൽ അംഗങ്ങളാകാൻ താല്പര്യമുള്ള പൊതുമരാമത്ത് (ഇലക്ട്രിക്കൽ) വകുപ്പ്, കെഎസ്ഇബി, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നും വിരമിച്ചവരുമായ ഉദ്യോഗസ്ഥരെയും കൂടാതെ ബിടെക് ഇലക്ട്രിക്കൽ ബിരുദവും ഇലക്ട്രിക്കൽ ലൈസൻസ് ഉള്ളവരെയും ആവശ്യമുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ഡിവിഷൻ എറണാകുളം ജില്ലാ പഞ്ചായത്ത് കാര്യാലയവുമായി ബന്ധപ്പെടുക. ഫോൺ: 0484 29521874.

## ജില്ലാ സിവിൽ സർവ്വീസ് കായികമേള

**കൊച്ചി:** എറണാകുളം ജില്ലാ സിവിൽ സർവീസ് മീറ്റ് ട്രാക്കിന്റെ ലഭ്യതക്കുറവ് മൂലം മാറ്റിവച്ചിരുന്ന അത്‌ലറ്റിക്സ് മത്സരങ്ങൾ ഇന്നു (ഡിസംബർ 3) രാവിലെ ഒമ്പതു മുതൽ നടത്തും. ട്രാക്ക് മത്സരങ്ങൾ കടവന്ത്രയിലുള്ള ആർഎസ്സിയിലും ത്രോ മത്സരങ്ങൾ മഹാരാജാസ് ഗ്രൗണ്ടിലുമാണ് നടത്തുന്നത്. രജിസ്റ്റർ ചെയ്ത ഉദ്യോഗസ്ഥർ രാവിലെ ഒമ്പതിന് എത്തിച്ചേരണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 9746773012.

## സായുധസേന പതാക ദിനാചരണവും പതാക നിധി സമാഹരണ ഉദ്ഘാടനവും 7ന്

**കൊച്ചി:** ഈ വർഷത്തെ സായുധസേന പതാകദിനാചരണവും പതാക നിധിയുടെ സമാഹരണോദ്ഘാടനവും ഡിസംബർ ഏഴിന് രാവിലെ 10:15ന് കാക്കനാട് കളക്ടറേറ്റ് പ്ലാനിംഗ് ഹാളിൽ നടത്തും. ജില്ലയിലെ എല്ലാ വിമുക്തഭടന്മാരും വിധവകളും ആശ്രിതരും പരിപാടിയിൽ പങ്കെടുക്കണമെന്ന് ജില്ലാ സൈനിക ക്ഷേമ ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2422239.

## ലോക എയ്ഡ്സ് ദിനാചരണം: ജില്ലാതല ഉദ്ഘാടനം

**കൊച്ചി:** ലോക എയ്ഡ്സ് ദിനാചരണം ജില്ലാതല ഉദ്ഘാടനവും ബോധവൽക്കരണ റാലിയും ആലുവ യുസി കോളേജിൽ സംഘടിപ്പിച്ചു. ജില്ലാതല പരിപാടിയുടെ ഉദ്ഘാടനം അൻവർ സാദത്ത് എംഎൽഎ നിർവ്വഹിച്ചു. എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.കെ. കെ ആശ മുഖ്യ പ്രഭാഷണം നടത്തി. ഡിസ്ട്രിക്ട് ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറി ആർ. ആർ രജിത ബോധവൽക്കരണ റാലി ഫ്ളാഗ് ഓഫ് ചെയ്തു. എൻഎച്ച്എം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.പി എസ് ശിവപ്രസാദ് ചടങ്ങിൽ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ആലുവ യുസി കോളേജ് പ്രിൻസിപ്പൽ പ്രൊഫ. എൽദോ വർഗ്ഗീസ് റെഡ് റിബ്ബൺ അണിയിച്ചു. ജില്ലാ എയ്ഡ്സ് നിയന്ത്രണ ഓഫീസർ ഡോ. വി എം സുനിത സ്വാഗതമാശംസിച്ചു.



# രാജ്യത്ത് ആദ്യമായി ആന്റി ബയോഗ്രാം മൂന്നാം തവണയും പുറത്തിറക്കി

**തിരുവനന്തപുരം:** കേരളത്തിലെ ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് (എഎംആർ) തോത് വിലയിരുത്താനും അതിനനുസരിച്ച് ആന്റി മൈക്രോബ്രിയൽ റെസിസ്റ്റൻസ് പ്രതിരോധിക്കാനും പ്രവർത്തനങ്ങൾ ക്രോഡീകരിക്കാനുമായി 2023ലെ ആന്റിബയോഗ്രാം (എഎംആർ സർവെയലൻസ് റിപ്പോർട്ട്) ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പുറത്തിറക്കി. ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ ഖോബ്രഗഡെയാണ് മന്ത്രിക്ക് റിപ്പോർട്ട് കൈമാറിയത്. 2022ൽ ഈ സർക്കാരിന്റെ കാലത്താണ് രാജ്യത്ത് ആദ്യമായി 2021ലെ ആന്റി ബയോഗ്രാം പുറത്തിറക്കുന്നത്. ഇത് തുടർച്ചയായ മൂന്നാം തവണയാണ് കേരളം ചിട്ടയായ പ്രവർത്തനങ്ങളോടെ ആന്റിബയോഗ്രാം പുറത്തിറക്കുന്നത്. ലോക ആന്റിബയോട്ടിക് അവബോധ വാരാചരണത്തിന്റെ ഭാഗമായി ബഹുഭൂരിപക്ഷം പഞ്ചായത്തുകളിലുൾപ്പെടെ ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങളാണ് നടത്തിയത്. വീടുകളിൽ എത്തിയുള്ള ബോധവത്ക്കരണ പരിപാടിയിൽ മന്ത്രി വീണാ ജോർജ് നേരിട്ട് പങ്കാളിയായി.

കാർസ്നെറ്റ് ശൃംഖലയിൽ ഉൾപ്പെട്ട ത്രിതീയ ആരോഗ്യ കേന്ദ്രങ്ങളുടേതാണ് ഈ റിപ്പോർട്ട്. ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം മനസിലാക്കാനും അതിലൂടെ കർമ്മപദ്ധതി ആവിഷ്ക്കരിച്ച് അത് കുറയ്ക്കാനും ആന്റിബയോഗ്രാം റിപ്പോർട്ടിലൂടെ സാധിക്കുന്നു. സംസ്ഥാന ആന്റി ബയോഗ്രാം റിപ്പോർട്ടിൽ നിന്നും ആന്റിബയോട്ടിക് റെസിസ്റ്റൻസ് തോത് വലിയ ഭീഷണിയായി തന്നെ നിലനിൽക്കുന്നതായാണ് കാണുന്നത്.

കേരള ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ (കാർസാപ്), കേരള ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് സർവൈലൻസ് നെറ്റ് വർക്ക് (കാർസ് നെറ്റ്) എന്നിവ രൂപീകരിച്ചാണ് എഎംആർ പ്രതിരോധം ശക്തമാക്കിയത്. എഎംആർ പ്രതിരോധം വിലയിരുത്തുന്നതിന് 9 ജില്ലകളിലെ 21 ലാബുകളിൽ നിന്നും 13 ജില്ലകളിലെ 51 ലാബുകളായി, ലബോറട്ടറികളുടെ ശൃംഖല ഘട്ടം ഘട്ടമായി വികസിച്ചു. ആന്റിമൈക്രോബിയൽ ഡാറ്റയുടെ ശേഖരണത്തിനും വിശകലനത്തിനും ഡബ്ല്യുഎച്ച്ഒ നെറ്റ് സോഫ്റ്റ് വെയറാണ് ഉപയോഗിക്കുന്നത്.

2023 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള എഎംആർ ഡേറ്റയാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഈ കാലയളവിൽ 11 ജില്ലകളിൽ നിന്നുള്ള 34 നിരീക്ഷണ ലബോറട്ടറികളാണ് ഡേറ്റ സമർപ്പിച്ചത്. 45,397 മുൻഗണനാ രോഗകാരികളുടെ ആന്റിമൈക്രോബയൽ സസെപ്റ്റിബിലിറ്റി (എ.എസ്.ടി.) സംവേദ്യത ഡേറ്റയും ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രാഥമിക തലത്തിലും ദ്വിതീയ തലത്തിലുമുള്ള ആശുപത്രികളിലെ ആന്റിബയോഗ്രാം തയ്യാറാക്കുന്നതിനായി രാജ്യത്തിലാദ്യമായി ഹബ്ബ് ആന്റ് സ്പോക്ക് മോഡൽ ഫോർ എഎംആർ സർവൈലൻസ് കേരളം ആരംഭിച്ചിരുന്നു. രാജ്യത്ത് കേരളത്തിൽ മാത്രമേ ഈ നിരീക്ഷണ സംവിധാനമുള്ളൂ.

അതിന്റെ അടിസ്ഥാനത്തിൽ രാജ്യത്ത് ആദ്യമായി എറണാകുളം ജില്ലയിലെ ആന്റിബയോഗ്രാം കേരളം പുറത്തിറക്കി. ജില്ലാതല ആന്റിബയോഗ്രാം അടിസ്ഥാനമാക്കി എറണാകുളം ജില്ലയുടെ ആന്റിബയോട്ടിക് മാർഗരേഖ ഇന്നലെ മന്ത്രി വീണാ ജോർജ് പ്രകാശനം ചെയ്തു. ശക്തമായ ഹബ്ബ് ആന്റ് സ്പോക്ക് എഎംആർ സർവൈലൻസിലൂടെ അടുത്ത വർഷത്തിൽ കേരളത്തിലെ എല്ലാ ജില്ലകളിലും ജില്ലാതല ആന്റിബയോഗ്രാം പുറത്തിറക്കും.

സമ്പൂർണ ആന്റിബയോട്ടിക് സാക്ഷരതയുള്ള സംസ്ഥാനമാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെയാണ് കേരളം പ്രവർത്തിക്കുന്നത്. എല്ലാ ജില്ലകളിലും ജില്ലാതല ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് കമ്മിറ്റികളും ബ്ലോക്ക് തല കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്.

ഡോക്ടറുടെ പ്രിസ്ക്രിപ്ഷൻ ഇല്ലാതെ ആന്റിബയോട്ടിക്കുകൾ മെഡിക്കൽ സ്റ്റോറുകളിൽ വിൽക്കാൻ പാടില്ല എന്ന സർക്കാർ നിർദേശത്തിന്റെ ഫലമായി കേരളത്തിൽ ആന്റിബയോട്ടിക്കുകളുടെ ഉപയോഗത്തിൽ 20 മുതൽ 30 ശതമാനം വരെ ഈ വർഷം കുറവുണ്ടായി. എല്ലാ ആശുപത്രികളേയും ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളാക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്.

# കുസാറ്റിൽ അമേരിക്കൻ കോർണർ ഇന്ന് തുറക്കും

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെയും (കുസാറ്റ്), യുഎസ് കോൺസുലേറ്റ് ജനറൽ ചെന്നൈയുടേയും സംയുക്ത ആഭിമുഖ്യത്തിൽ കുസാറ്റിൽ ഡിസംബർ 3 ന് അമേരിക്കൻ കോർണർ തുറക്കും. കുസാറ്റ് അമനിറ്റി സെൻററിൽ വൈകീട്ട് 3 മണിക്ക് തുടങ്ങുന്ന ചടങ്ങിൽ അമേരിക്കൻ കോർണർ ഉദ്ഘാടനം ചെയ്യുന്നത് കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ. ഡോ. എം ജുനൈദ് ബുഷിരിയും, യുഎസ് കോൺസുലേറ്റ് ജനറൽ, ചെന്നൈയുടെ പബ്ലിക് അഫയേഴ്സ് ഓഫീസർ ശ്രീമതി ജീൻ ബ്രിഗന്തിയും ചേർന്നാണ്. തുടർന്ന് യുഎസ് കോൺസുലേറ്റ് ജനറൽ, ചെന്നൈ അമേരിക്കൻ സെൻററിൻറെ ഡയറക്ടർ സീമ മസോട്ട് അമേരിക്കൻ കോർണറിൻറെ അവലോകനം നടത്തും.

130 രാജ്യങ്ങളിലായി 600ലധികം സൗകര്യങ്ങളടങ്ങിയ ആഗോള ശൃംഖലയിലെ ഭാഗമാണ് അമേരിക്കൻ കോർണറുകൾ. അമേരിക്കൻ സാമ്പത്തിക പിന്തുണയോടെ സ്വതന്ത്രമായി പ്രവർത്തിക്കുന്ന സംവിധാനമായ അമേരിക്കൻ കോർണറുകൾ ലോകമെമ്പാടുമുള്ള സ്ഥാപനങ്ങളിലും സർവകലാശാലകളിലും സ്ഥാപിക്കുക വഴി വിദ്യാർത്ഥികൾക്ക് വിവിധ തരത്തിലുള്ള സഹായവും പരിശീലനവും പിന്തുണയും നൽകുന്നു. ഇത് സംയുക്ത പദ്ധതികൾക്കുള്ള ഉയർന്ന ഫണ്ടിംഗ്, സ്റ്റാഫിനും വിദ്യാർത്ഥികൾക്കും പരിശീലന അവസരങ്ങൾ, വിപുലമായ ഡിജിറ്റൽ വിഭവങ്ങളിൽ സൗജന്യപ്രവേശനം, യുഎസ്എയിലെ പൊതു, സ്വകാര്യ മേഖലയുമായി പങ്കാളിത്തങ്ങൾ തുടങ്ങിയവ നൽകുമെന്ന് പ്രതീക്ഷിക്കുന്നു. കേരളത്തിൽ ആദ്യമായി ഈ കേന്ദ്രം സ്ഥാപിക്കുന്നത് കുസാറ്റിലാണ്. ഇത് സർവകലാശാലയുടെ അക്കാദമിക, ഗവേഷണ അന്തരീക്ഷത്തെ പ്രയോജനപ്പെടുത്തുകയും സാങ്കേതികവിദ്യ, നവീകരണം, പൊതു പങ്കാളിത്തം എന്നിവ സംയോജിപ്പിച്ച് സംവാദത്തിനും പഠനത്തിനും സാംസ്കാരിക സഹകരണത്തിനുമുള്ള സജീവമായ ഒരു ഇടം സൃഷ്ടിക്കുകയും ചെയ്യുന്നു. ഈ കോർണറിനെ ക്യാംപസിലേക്ക് സമന്വയിപ്പിക്കുന്നതിലൂടെ, കുസാറ്റ് തന്റെ അന്താരാഷ്ട്രവൽക്കരണം ശക്തമാക്കുകയും ആഗോള പങ്കാളിത്തങ്ങൾക്കും പരസ്പര ധാരണകൾക്കും സഹായകമായ മുന്നേറ്റമുണ്ടാക്കുകയും ചെയ്യുന്നു.

# പടക്കപ്പലുകളിൽ ഹൈഡ്രജൻ ഇന്ധനം: സാദ്ധ്യതകൾ പരിശോധിക്കുന്നുവെന്ന് ദക്ഷിണ നാവികസേനാ മേധാവി

**കൊച്ചി:** ജലസ്രോതസുകളിലെ മലിനീകരണ തോത് കുറയ്ക്കുന്നതിനും കൂടുതൽ പരിസ്ഥിതി സൗഹൃദമാകുന്നതിന്റെയും ഭാഗമായും പടക്കപ്പലുകളിൽ ഹൈഡ്രജൻ ഇന്ധനം സാധ്യമാകുമോയെന്ന് പരിശോധിച്ച് വരികയാണെന്ന് ദക്ഷിണ നാവികസേനാ മേധാവി വൈസ് അഡ്മിറൽ വി ശ്രീനിവാസ്. ഐഎൻഎസ് ശാർദൂലിൽ നടത്തിയ വാർത്താസമ്മേളനത്തിൽ മാധ്യമപ്രവർത്തകരുടെ ചോദ്യത്തിന് മറുപടി പറയുകയായിരുന്നു അദ്ദേഹം. പെട്രോളിങ് വെസലുകളിലും ചെറിയ ബോട്ടുകളിലും ട്രയൽ റൺ നടത്തി വരികയാണ്. നിലവിൽ കപ്പലുകളിൽ ഹൈഡ്രജൻ ഇന്ധനം ഉപയോഗിച്ച് തുടങ്ങിയിട്ടില്ല. എന്നാൽ അതിനുള്ള സാധ്യത പരിശോധിക്കുകയാണെന്ന് പരിസ്ഥിതിസൗഹൃദ ഗതാഗത സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി ഇന്ത്യൻ നാവികസേന ഇന്ത്യൻഓയിൽ കോർപ്പറേഷനുമായി സഹകരിച്ച് ഗ്രീൻ ഹൈഡ്രജൻ സെൽ ബസുകൾ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. പുതിയ സാങ്കേതിക വിദ്യകളും പരിസ്ഥിതി സൗഹൃദ ഇന്ധനങ്ങളും പരീക്ഷിക്കാൻ നാവികസേന എപ്പോഴും തയാറാണെന്നും അദ്ദേഹം പറഞ്ഞു.പശ്ചിമതീരദേശത്ത് സുരക്ഷാ ഉറപ്പാക്കാൻ നാവികസേനയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. കടൽ കൊള്ളക്കാരെ നേരിടാനും കടൽ വഴിയുള്ള ലഹരിക്കടത്ത് തടയുന്നതിനും ദക്ഷിണ നാവികസേന നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. തീര സുരക്ഷാ ഉറപ്പാക്കുന്നതിനായി നാവിക സേനയുമായി സഹകരിക്കുന്ന സർക്കാർ ഏജൻസികളെയും മത്സ്യത്തൊഴിലാളി സമൂഹത്തെയും അദ്ദേഹം അഭിനന്ദിച്ചു. ഏത് വെല്ലുവിളി നേരിടാനും നാവികസേനാ സജ്ജമാണ്. കഴിഞ്ഞ വർഷം 27 രാജ്യങ്ങളിൽ നിന്നുള്ള 500 രാജ്യാന്തര ട്രെയിനികളാണ് ദക്ഷിണ നാവിക സേനയിൽ പരിശീലനത്തിനായി എത്തിയത്. തദ്ദേശനിർമിത പ്രതിരോധ ഉത്പനങ്ങൾക്ക് പ്രാധാന്യം നൽകിയാണ് നാവിക സേന മുന്നോട്ട് പോകുന്നത്. ആത്മനിർഭർ ഭാരത്തിനു കൂടുതൽ ഊർജം നൽകി തദ്ദേശ നിർമിത സ്പെയർ പാർട്ടുകൾക്കും ആയുധങ്ങൾക്കും നാവിക സേന കൂടുതൽ പ്രാധാന്യം നൽകുന്നുണ്ട്. കൂടുതൽ കപ്പലുകളെ ഉൾക്കൊള്ളാന്നുന്നതിനായി പുതുതായി നിർമിക്കുന്ന നോർത്ത് ജെട്ടിയുടെ നിർമാണം ഉടൻ പൂർത്തിയാക്കും. അടുത്ത ഫെബ്രുവരിയോടെ ഇത് പ്രവർത്തന സജ്ജമാകുമെന്നും വൈസ് അഡ്മിറൽ ശ്രീനിവാസ് അറിയിച്ചു.ചീഫ് ഓഫ് നേവൽ സ്റ്റാഫ് റിയർ അഡ്മിറൽ ഉപൽ കുണ്ടു, പ്രതിരോധ വക്താവ് കമാണ്ടർ അതുൽ പിള്ള എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.



# യുവസംഗമം അഞ്ചാം ഘട്ടം: ഗുജറാത്തിലെ വിദ്യാർത്ഥികൾ കോട്ടയം ഐഐഐടിയിൽ എത്തും

**കോട്ടയം:** ഐഐടി ഗാന്ധിനഗർ, എൻഐടി സൂറത്ത്, ഗുജറാത്ത് കേന്ദ്ര സർവകലാശാല തുടങ്ങി ഗുജറാത്തിലെ വിവിധ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള 50 വിദ്യാർത്ഥികളടങ്ങുന്ന പ്രതിനിധി സംഘം കോട്ടയം ഐഐടിയിൽ സന്ദർശനം നടത്തും. ഏക് ഭാരത് ശ്രേഷ്ഠ ഭാരത് യുവ സംഗമം അഞ്ചാം ഘട്ടത്തിന്റെ ഭാഗമായാണ് സന്ദർശനം. കേരളത്തിലെത്തിയ വിദ്യാർത്ഥികൾ ഡിസംബർ ഒന്നു മുതൽ അഞ്ച് വരെ ക്യാമ്പസുകൾ സന്ദർശിക്കും.

വിവിധ സംസ്കാരങ്ങൾ, പാരമ്പര്യം, ആശയങ്ങൾ എന്നിവ പരസ്പരം മനസിലാക്കാനും പങ്കുവയ്ക്കാനും ഈ സന്ദർശനത്തിലൂടെ കഴിയുമെന്ന് സംഘാടകർ പറഞ്ഞു. വിനോദസഞ്ചാരം, പാരമ്പര്യം, പുരോഗതി, സാങ്കേതികവിദ്യ, പരസ്പര സഹകരണം തുടങ്ങിയ വിഷയങ്ങൾ യുവസംഗമത്തിൽ ചർച്ചയാകും. പരിപാടിയുടെ ഭാഗമായി വിദ്യാർത്ഥി പ്രതിനിധികൾ പ്രദേശത്തെ വീടുകളിൽ സന്ദർശനം നടത്തും. കടപ്പട്ടൂർ ക്ഷേത്രം, ഏറ്റുമാനൂർ ക്ഷേത്രം, മണർകാട് പള്ളി, വൈക്കം ക്ഷേത്രം തുടങ്ങിയ തീർത്ഥാടന കേന്ദ്രങ്ങൾ സന്ദർശിക്കുകയും കോട്ടയത്തെ റബ്ബർ വ്യവസായത്തെക്കുറിച്ച് പഠിക്കുകയും ചെയ്യും. ഇവ കൂടാതെ പദ്മശ്രീ ജേതാക്കളുമായി ആശയവിനിമയം നടത്തും.

യുവ സംഗമത്തിന്റെ അഞ്ചാം ഘട്ടത്തിനായി ഇന്ത്യയിലുടനീളമുള്ള ഇരുപത് പ്രമുഖ സ്ഥാപനങ്ങളെ കണ്ടെത്തിയിട്ടുണ്ട്, ഈ സംസ്ഥാനങ്ങളിൽ / കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുള്ള പങ്കാളികൾ യഥാക്രമം സംസ്ഥാന / കേന്ദ്രഭരണ പ്രദേശങ്ങളിലെ നോഡൽ ഹയർ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ (എച്ച്ഇഐ) നേതൃത്വത്തിൽ അവരുടെ ജോഡി സംസ്ഥാനങ്ങൾ / കേന്ദ്രഭരണ പ്രദേശങ്ങൾ സന്ദർശിക്കും. ഇതുവരെ, ഇന്ത്യയിലുടനീളമുള്ള 4,795 യുവാക്കൾ യുവ സംഘത്തിന്റെ വിവിധ ഘട്ടങ്ങളിലായി (2022 ലെ പൈലറ്റ് ഘട്ടം ഉൾപ്പെടെ) 114 ടൂറുകളിൽ പങ്കെടുത്തു.

# അളവുതൂക്ക ഉപകരണങ്ങൾക്കായി അദാലത്ത്

**കൊച്ചി:** നാളിതുവരെ പുനഃപരിശോധന നടത്തി മുദ്ര ചെയ്യാൻ സാധിക്കാതിരുന്ന കുടിശികയായ എല്ലാ അളവുതൂക്ക ഉപകരണങ്ങളും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ലീഗൽ മെട്രോളജി വകുപ്പ് നടത്തുന്ന അദാലത്തിൽ ഹാജരാക്കി മുദ്ര ചെയ്യാം. ഡിസംബർ 14 വരെ താലൂക്കുതലത്തിലുള്ള ലീഗൽ മെട്രോളജി ഇൻസ്പെക്ടർ /അസിസ്റ്റന്റ് കൺട്രോളർ ഓഫീസുകളിൽ അപേക്ഷ സ്വീകരിക്കും. തുടർന്ന് ഡിസംബർ 15 മുതൽ 24 വരെയുള്ള തിയതികളിൽ അളവുതൂക്ക ഉപകരണങ്ങൾ 2000 രൂപ പിഴ തുകയ്ക്ക് പകരം 500 രൂപയും മുദ്ര ഫീസും അടച്ചാൽ മുദ്ര ചെയ്ത് നൽകുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക്: അസിസ്റ്റന്റ് കൺട്രോളർ(കോർപ്പറേഷൻ ഏരിയ) 8281698059 , സർക്കിൾ രണ്ട് ഇൻസ്പെക്ടർ(കണയന്നൂർ താലൂക്ക് ഏരിയ 8281698060, കൊച്ചി ഇൻസ്പെക്ടർ 8281698061, പറവൂർ ഇൻസ്പെക്ടർ 8281698062,, ആലുവ ഇൻസ്പെക്ടർ 8281698063, പെരുമ്പാവൂർ ഇൻസ്പെക്ടർ 8281698064.




ഇന്നർവീൽ ക്ലബ് ഓഫ് കൊച്ചിൻ ഫീനിക്സ് പ്രസിഡന്റ് ലൈല സുധീഷ്, സെക്രട്ടറി രൂപ സാബു, സിജിആർ എലിസബത്ത് പുഷ്പ, സൂസൻ എബ്രഹാം, ഉമ എന്നിവർ തൃപ്പൂണിത്തുറ മെട്രോ സ്റ്റേഷനിൽ അഡീഷണൽ ലൈൻ സൂപ്രണ്ട് ധനേഷ് പി എൻ, സ്റ്റേഷൻ കൺട്രോളർ അരുൺ യു എന്നിവർക്ക് വീൽ ചെയർ കൈമാറുന്നു



# അമൃത ആശുപത്രിയിൽ ഫ്രാക്ചർ ശിൽപശാല സംഘടിപ്പിച്ചു

കൊച്ചി: എല്ലുകളുടെ ഒടിവിന്റെ ചികിത്സയും ശസ്ത്രക്രിയാരീതികളും. പഠനവിഷയമാക്കി അമൃത ആശുപത്രിയിലെ ഓർത്തോപീഡിക്സ് വിഭാഗവും കൊച്ചിൻ ഓർത്തോപീഡിക് സൊസൈറ്റിയും ചേർന്ന് 'അമൃത ഫ്രാക്ചർ കോഴ്സ് 2024' ദ്വിദിന ശിൽപ്പശാല സംഘടിപ്പിച്ചു.അസ്ഥിഭംഗത്തിന്റെ ചികിത്സയിൽ നൈപുണ്യ വികസനം ലക്ഷ്യമിട്ടുള്ള ശിൽപശാലയിൽ എഴുപത്തഞ്ചോളം ഡോക്ടർമാർ പരിശീലനം നേടി. അമൃത ആശുപത്രി സീനിയർ മെഡിക്കൽ അഡ്മിനിസ്ട്രേറ്റർ ഡോ. പ്രതാപൻ നായർ ശിൽപശാല ഉൽഘാടനം ചെയ്തു. ഓർഗനൈസിങ് ചെയർമാൻ ഡോ. ചന്ദ്രബാബു കെ.കെ, ഡോ. ജയ തിലക്, ഡോ. ധ്രുവൻ എസ് , ഡോ. ബാലു.സി.ബാബു, ഡോ. വിപിൻ മോഹൻ എന്നിവർ പ്രഭാഷണം നടത്തി.ഡോ. ചന്ദ്രബാബു കെ.കെ,ഡോ. രഞ്ജിത്ത് ടി.സി, പ്രൊഫ. പ്രേമചന്ദ്രൻ കെ , പ്രൊഫ. രാജേഷ് പുരുഷോത്തമൻ, ഡോ. സജി പി.ഓ. തോമസ് , പ്രൊഫ. ജിസ് ജോസഫ്, ഡോ. സി ചെറിയാൻ കോവൂർ, ഡോ. ബാലു.സി.ബാബു എന്നിവർ ക്ലാസുകൾക്കും പരിശീലന ക്ലാസുകൾക്കും, വർക്ഷോപ്പിനും നേതൃത്വം നൽകി.

# ഡോ. ഷീനാ പ്രഭാകരന് ഹിന്ദി പ്രതിഷ്ത്താപക് സമ്മാൻ പുരസ്കാരം

**കൊച്ചി:** അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് റിസർച്ച് സെന്ററിലെ ദ അമൃത സെന്റർ ഫോർ ഇന്റർനാഷണൽ പ്രോഗ്രാംസ് ഫാക്കൽറ്റി ഡോ. ഷീനാ പ്രഭാകരന് ഹിന്ദി പ്രതിഷ്ത്താപക് സമ്മാൻ പുരസ്കാരം .ദക്ഷിണേന്ത്യയിൽ ഹിന്ദി ഭാഷയുടെ പ്രചാരത്തിനും പുരോഗതിക്കും നൽകിയ സമഗ്ര സംഭാവന പരിഗണിച്ച് കാശി കേന്ദ്രമായ നഗരി പ്രചാരിണി സഭയാണ് പുരസ്കാരം ഏർപ്പെടുത്തിയത്. നെതർലന്റ്സിലെ ഹിന്ദി യുണിവേഴ്സ് ഫൗണ്ടേഷൻ,മൗറീഷ്യസിലെ ബ്രിഹത് പുരോഹിത് സംഘ് എന്നിവയുമായി ചേർന്നാണ് പുരസ്കാരം ഏർപ്പെടുത്തിയത്.

# ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ കോഴ്സിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേന്ദ്ര സർക്കാർ സംരംഭമായ ബിസിൽ ട്രെയിനിംഗ് ഡിവിഷൻ നടത്തുന്ന ഒരുവർഷം പി ജി ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ (യോഗ്യത ഡിഗ്രി), പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ (യോഗ്യത പ്ലസ് ടു), ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ (യോഗ്യത എസ്എസ്എൽസി) തുടങ്ങിയ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഓൺലൈൻ/റെഗുലർ/പാർട്ട്ടൈം ബാച്ചുകൾ. മികച്ച ആശുപത്രികളിൽ ഇന്റേൺഷിപ്പ് ചെയ്യാൻ അവസരം. വിശദ വിവരങ്ങൾക്ക് ഫോൺ: 8304926081.

# ഗ്രീൻ കോറിഡോർ വഴി രോഗിയെ കേരളത്തിൽ എത്തിച്ച് എക്മോ; ചരിത്രം സൃഷ്ടിച്ച് മേയ്ത്ര ഹോസ്പിറ്റൽ

**കോഴിക്കോട് :** കർണാടക മംഗലാപുരം ആശുപത്രിയിൽ വെന്റ്റിലേറ്ററിൽ പ്രവേശിപ്പിച്ച രോഗിയെ 'ഗ്രീൻ കോറിഡോർ' വഴി കേരളത്തിൽ എത്തിച്ചു എക്മോ നടത്തി ചരിത്രം സൃഷ്ടിച്ചു കോഴിക്കോട് മേയ്ത്ര ഹോസ്പിറ്റൽ. മേയ്ത്ര ഹോസ്പിറ്റലിൽ നിന്ന് മംഗലാപുരത്ത് എത്തിയ വിദഗ്ധസംഘം കാനുലേഷൻ നടത്തി എക്മോ സൗകര്യമുള്ള ആംബുലൻസിൽ രോഗിയെ കോഴിക്കോട് എത്തിച്ചാണ് വിദഗ്ധ ചികിത്സ നൽകിയത്. കേരളത്തിൽ തന്നെ ആദ്യമായി നടന്ന 'ഇന്റർ സ്റ്റേറ്റ് ഗ്രീൻ കോറിഡോർ എക്മോ റിട്രീവലാണ് ഇത്.

വൈറൽ ന്യുമോണിയ ബാധിച്ച യുവതിയുടെ ഹൃദയവും ശ്വാസകോശവും പ്രവർത്തനം നിലയ്ക്കുന്ന അവസ്ഥയിലാണ് മംഗലാപുരത്തെ ആശുപത്രിയിൽ വെന്റ്റിലേറ്ററിൽ പ്രവേശിപ്പിക്കുന്നത്. ജീവൻ നിലനിർത്താൻ എക്മോ നടത്തണം എന്നു കണ്ടെത്തിയതിനെ തുടർന്നു കോഴിക്കോട് മേയ്ത്രയിൽ അറിയിപ്പ് ലഭിക്കുകയായിരുന്നു. ഹൃദയത്തിന്റെയും ശ്വാസകോശത്തിന്റെയും പ്രവർത്തനം താൽക്കാലികമായി ഏറ്റെടുക്കുന്ന ഒരു ജീവൻ രക്ഷാ സാങ്കേതികതയാണ് എക്മോ.

ദൗത്യം ഏറ്റെടുത്ത് മേയ്ത്രയിലെ ക്രിട്ടിക്കൽ കെയർ മെഡിസിൻ ഡയറക്ടർ ഡോ. മഹേഷ് ബി.എസിന്റെ നേതൃത്വത്തിൽ ഡോ. ഷബീർ അലി (ഇന്റൻസിവിസ്റ്റ്), അരുൺ എ (സീനിയർ പെർഫ്യൂഷനിസ്റ്റ്), ശ്യാം പ്രസാദ് കെപി (സീനിയർ പെർഫ്യൂഷനിസ്റ്റ്), ആകാശ് റെജി (അസിസ്റ്റന്റ് മാനേജർ), ലിനു സ്കറിയ (സിനിയർ സ്റ്റാഫ് നഴ്സ്) എന്നിവരടങ്ങുന്ന മെഡിക്കൽ സംഘം സുസജ്ജമായി മംഗാലാപുരത്തേക്ക് പുറപ്പെട്ടു. മംഗലാപുരം ആശുപത്രിയിൽ എത്തിയ സംഘം ഉടനെ തന്നെ രോഗിയിൽ ഢഢള്ള ഇങ്ങഛരൽ കാനൂലേഷൻ ആരംഭിച്ചു. തുടർന്ന് രോഗിയെ ള്ളഇങ്ങഛര, വെന്റിലേറ്റർ സൌകര്യങ്ങളുള്ള മേയ്ത്രയുടെ ആംബുലൻസിൽ റോഡ് മാർഗ്ഗം കോഴിക്കോടേക്ക് യാത്ര തിരിച്ചു.

അമിതഭാരമുള്ള രോഗിയെ, ആംബുലൻസിലേക്ക് മാറ്റുന്നതായിരുന്നു ആദ്യ പ്രതിസന്ധി. ഏകദേശം 6 മണിക്കൂർ നീണ്ടുനിന്ന 220 കിലോമീറ്റർ റോഡ് യാത്രയിലൂടെ ജീവൻരക്ഷാ യന്ത്രങ്ങളുടെ സഹായത്തിൽ കഴിയുന്ന രോഗിയെ കോഴിക്കോട് എത്തിക്കുന്നതായിരുന്നു അടുത്ത വെല്ലുവിളി. ആംബുലൻസിലെ ഓക്സിജൻ വിതരണം മുറിയാതെ ഉറപ്പ് വരുത്തുന്നതും, റോഡിലെ ട്രാഫിക്കിനെ മറികടന്നു അതിവേഗം ആശുപത്രിയിൽ എത്തിക്കുന്നതിനുമുള്ള ധീരമായ തീരുമാനം മേയ്ത്ര സ്വീകരിച്ചു. കേരള പോലീസ് ഡിപാർട്ട്മെന്റ്റുമായി ബന്ധപ്പെട്ടു കേരള എമർജൻസി ടീമിന്റെ സഹായത്തോടെ ' ഗ്രീൻ കോറിഡോർ' വഴി യുവതിയെ കോഴിക്കോട് എത്തിക്കാൻ തീരുമാനമായി. ആംബുലൻസിന്റെ വേഗത മണിക്കൂറിൽ 60 കി.മീ ആയി നിലനിർത്തി, ആക്സിലറേഷൻ / ഡിസെലറേഷൻ പരമാവധി കുറച്ചു. വാഹനത്തിന്നുണ്ടാകാവുന്ന വേഗതയുടെ ഏറ്റക്കുറച്ചിൽ പോലും രോഗിയുടെ ജീവൻ അപകടത്തിലാക്കുന്ന അവസ്ഥയായിരുന്നു. മേയ്ത്രയിൽ എത്തിച്ച യുവതിയ്ക്ക് ഏറ്റവും മെച്ചപ്പെട്ട ചികിൽസ നൽകുകയും, അവർ സാവധാനം അതിഗുരുതരാവസ്ഥ തരണം ചെയ്തു. 2 ആഴ്ചത്തെ ആശുപത്രിവാസത്തിന് ശേഷം ആരോഗ്യനില തൃപ്തികരം എന്ന് ഉറപ്പാക്കിയതിനെത്തുടർന്ന് വീട്ടിലേക്ക് മടങ്ങി

"കേരളത്തിൽ തന്നെ ആദ്യമായിട്ടാണ് ഇത്തരമൊരു ഉയർന്ന അപകടസാധ്യതയുള്ള എക്മോ നടക്കുന്നത്. മേയ്ത്രയുടെ അത്യാധുനിക മെഡിക്കൽ സൌകര്യം, ടീം വർക്ക്, മാനേജ്മെന്റിന്റെ നിർലോഭമായ പിന്തുണ എന്നിവയാണ് അത്ഭുതകരമായ ഈ നേട്ടത്തിനു കാരണമായത്' മേയ്ത്ര ഹോസ്പിറ്റൽ മെഡിക്കൽ ഡയറക്ടർ ഡോ. ജിജോ വി ചെറിയാൻ പ്രതികരിച്ചു.ആംബുലൻസ് ഡ്രൈവേഴ്സ് അസോസിയേഷൻ, കേരള പോലീസ് ഡിപ്പാർട്ട്മെന്റ്, കേരള എമർജൻസി ടീം എന്നിവരുടെ നിസ്വാർഥ സഹകരണമാണ് വെല്ലുവിളികൾ നിറഞ്ഞ ഈ ഗ്രീൻ കോറിഡോർ ദൗത്യം വിജയകരമായി പൂർത്തിയാക്കുന്നതിനു സഹായിച്ച പ്രധാന ഘടകം" മേയ്ത്ര ഹോസ്പിറ്റൽ സി.ഇ.ഓ നിഹാജ് മുഹമ്മദ് പറഞ്ഞു.

# കുസാറ്റിൽ മാരിടൈം ഇൻഡസ്ട്രിയിൽ ഭാവി ട്രെൻഡുകൾ: ദേശീയ സെമിനാർ സംഘടിപ്പിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഷിപ്പ് ടെക്നോളജി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന സുവർണജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നവംബർ 29, 30 തീയതികളിൽ 'മാരിടൈം ഇൻഡസ്ട്രിയിലെ ഭാവി ട്രെൻഡുകൾ' എന്ന വിഷയത്തെ ആസ്പദമാക്കി ദേശീയ സെമിനാർ സംഘടിപ്പിച്ചു.

സെമിനാറിൽ വ്യവസായ അക്കാദമിക മേഖലകളിലെ പ്രഗൽഭരുടെ നേതൃത്ത്വത്തിൽ നാല് സെഷനുകളിലായി പന്ത്രണ്ടു പ്രബന്ധങ്ങൾ അവതരിപ്പിച്ചു. 'സ്മാർട്ട് മറൈൻ വെഹിക്കിൾ ടെക്നോളജീസ്', 'മറൈൻ സ്ട്രക്ചേഴ്സ് ആൻറ് എഐ', 'പരിസ്ഥിതി സൗഹൃദ കപ്പൽ നവീകരണങ്ങൾ', 'മറൈൻ ഹൈഡ്രോഡൈനാമിക്സ് ആൻറ് സസ്റ്റെയിനബിൾ ടെക്നോളജീസ്' തുടങ്ങിയ വൈവിധ്യമാർന്ന വിഷയങ്ങളിൽ പ്രബന്ധങ്ങൾ പരിപാടിയിൽ അവതരിപ്പിച്ചു.

സെമിനാറിന്റെ സമാപന ചടങ്ങിൽ കുസാറ്റ് ഷിപ്പ് ടെക്നോളജി വകുപ്പ് കൺവീനർ ഡോ. രാജേഷ് പി. നായർ, ഷിപ്പ് ടെക്നോളജി വകുപ്പ് സഹ കൺവീനർ ശ്രീ അരവിന്ദ് കെ ആർ, സഹ കൺവീനർ പ്രൊഫസർ ഡോ മതിയഴകൻ, വകുപ്പ് മേധാവി, ഡോ സതീഷ് ബാബു തുടങ്ങിയവർ സംസാരിച്ചു.

കുസാറ്റ്ഷിപ്പ് ടെക്നോളജി വകുപ്പ് രാജ്യത്ത് നേവൽ ആർകിടെക്ചർ വിദ്യാഭ്യാസത്തിന്റെ തുടക്കം കുറിച്ചവരിൽ ഒന്നാണ്. 1975ൽ ഇന്ത്യൻ ഷിപ്പ് ബിൽഡിംഗ് വ്യവസായം, ഷിപ്പ് ക്ലാസിഫിക്കേഷൻ സൊസൈറ്റികൾ, ഗവേഷണ സ്ഥാപനങ്ങൾ, ഇന്ത്യൻ നാവിക സേന, അനുബന്ധ മേഖലകൾ എന്നിവയുടെ മികവ് വർധിപ്പിക്കാൻ നിറവേറ്റാൻ മിടുക്കരായ നേവൽ ആർകിടെക്റ്റുമാരുടെ തലമുറയെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ വകുപ്പ് സ്ഥാപിച്ചത്.

ഐ.ഐ.ടി.കൾ, വിദേശ സർവകലാശാലകൾ, ഷിപ്പ്യാർഡുകൾ എന്നിവയുമായി സജീവമായ സഹകരണം നിലനിർത്തുന്ന ഷിപ്പ് ടെക്നോളജി വകുപ്പ് ജർമ്മനിയിലെ റോസ്റ്റോക്ക് സർവകലാശാലയുമായി 1978ൽ ആരംഭിച്ച സഹകരണം ഒന്നും.മികച്ച രീതിയിൽ തുടരുന്നു. അക്കാദമിക വിദഗ്ധരുമായും വ്യവസായങ്ങളുമായും ഉള്ള നിരന്തര ആശയവിനിമയത്തിലൂടെ സമഗ്രമായ സിലബസ് രൂപകൽപ്പനയും നവീകരണവും സാധ്യമാക്കിയ ഖ്യാതിയും വകുപ്പിനുണ്ട്. അന്താരാഷ്ട്ര നിലവാരം പാലിക്കുന്നതിനായി നിഷ്കർഷിക്കുന്ന നൂതന പാഠ്യപദ്ധതി ഉറപ്പ് വരുത്തുന്ന ഉയർന്ന നിലവാരമുള്ള പഠനത്തിന്റെ ഫലമായി ഇന്ത്യയിലും വിദേശത്തുമായി എല്ലാ വർഷവും 100% പ്ലേസ്മെന്റ് ഉറപ്പാക്കുന്ന ഷിപ്പ് ടെക്നോളജി വകുപ്പ് അഭിമാനാർഹമായ നേട്ടങ്ങളാണ് കൊയ്യുന്നത്.



# രാജ്യത്ത് ആദ്യമായി ഹൃദയം മാറ്റിവയ്ക്കുന്ന ജില്ലാതല ആശുപത്രിയായി മാറാൻ എറണാകുളം ജനറൽ ആശുപത്രി

**ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുള്ള ലൈസൻസ് ലഭ്യമായി**

**തിരുവനന്തപുരം:** എറണാകുളം ജനറൽ ആശുപത്രി ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് സജ്ജമാകുന്നു. രാജ്യത്ത് ആദ്യമായാണ് ഒരു ജില്ലാതല ആശുപത്രി ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ഒരുങ്ങുന്നത്. ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്താനുള്ള ലൈസൻസ് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിന്റെ സാന്നിധ്യത്തിൽ കെ സോട്ടോ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. നോബിൾ ഗ്രേഷ്യസ് എറണാകുളം ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. ഷഹിർഷായ്ക്ക് കൈമാറി.

എത്രയും വേഗം ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്താനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. രാജ്യത്തിന് തന്നെ അഭിമാനകരമാണ് എറണാകുളം ജനറൽ ആശുപത്രി. രാജ്യത്ത് ആദ്യമായി ജില്ലാതല ആശുപത്രിയിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയത് ജനറൽ ആശുപത്രിയിലാണ്. ഹൃദയ ശസ്ത്രക്രിയാ വിദഗ്ധരുടെ സേവനം ലഭ്യമാക്കി രാജ്യത്ത് ആദ്യമായി ഒരു ജില്ലാതല ആശുപത്രിയിൽ നെഞ്ച് തുറക്കാതെ വാൽവ് മാറ്റ ശസ്ത്രക്രിയ നടത്തി. ഇന്ത്യയിൽ ആദ്യമായി ഹൃദയ ശസ്ത്രക്രിയ നടത്തിയ ജില്ലാതല ആശുപത്രി കൂടിയാണ്. കാർഡിയോളജി ഉൾപ്പെടെ 7 സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ, 2 കാത്ത് ലാബുള്ള ആശുപത്രി, എൻ.എ.ബി.എച്ച്. അംഗീകാരം എന്നിവ ഈ ആശുപത്രിയുടെ പ്രത്യേകതകളാണ്. ഇത് കൂടാതെയാണ് ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ യാഥാർത്ഥ്യമാക്കുന്നതെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാനത്ത് സർക്കാർ മേഖലയിൽ കോട്ടയം മെഡിക്കൽ കോളേജിലാണ് ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നത്. 10 ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളാണ് ഇവിടെ നടന്നത്. ഇതിന് പുറമേയാണ് എറണാകുളം ജനറൽ ആശുപത്രി ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി സജ്ജമാകുന്നത്. കാർഡിയോളജി യൂണിറ്റ്, കാർഡിയോളജി ഐസിയു, വെന്റിലേറ്റർ, സുസജ്ജമായ ട്രാൻസ്പ്ലാന്റ് സംവിധാനങ്ങൾ, അത്യാധുനിക ഓപ്പറേഷൻ തീയറ്റർ, ശസ്ത്രക്രിയ ഉപകരണങ്ങൾ, വിദഗ്ധ ഡോക്ടർമാർ തുടങ്ങിയവയൊക്കെ പരിഗണിച്ചാണ് ഒരു സ്ഥാപനത്തിന് ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുള്ള ലൈസൻസ് നൽകുന്നത്.

ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഹാർട്ട് ഫെയ്ലർ ക്ലിനിക് ജനറൽ ആശുപത്രിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എല്ലാ ബുധനാഴ്ചകളിലുമാണ് ഈ ക്ലിനിക് പ്രവർത്തിച്ചു വരുന്നത്. മരുന്ന് കൊണ്ട് ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്ത, ഹൃദയത്തിന് തകരാറുള്ള രോഗികളെ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി ലിസ്റ്റ് ചെയ്യുന്നതാണ് ആദ്യ ഘട്ടം. ഇത് നടത്തുന്നത് ഹാർട്ട് ഫെയ്ലർ ക്ലിനിക്കിലാണ്. അത്തരം രോഗികൾക്ക് വിദഗ്ധ ചികിത്സ നൽകുന്നതിനോടൊപ്പം അവയവം മാറ്റിവയ്ക്കൽ നടപടിയിലേക്ക് കടക്കുന്നു. സംസ്ഥാന സർക്കാരിന്റെ അവയവദാന പ്രക്രിയ ഏകോപിപ്പിക്കുന്ന കെ സോട്ടോ വഴി മരണാനന്തര അവയവ ദാനത്തിലൂടെ ഹൃദയം ലഭ്യമാക്കാനായി രജിസ്റ്റർ ചെയ്യുന്നു. രോഗിയുടെ ഹൃദയത്തിന്റെ വലിപ്പം, മെഡിക്കൽ മാനദണ്ഡങ്ങൾ, ഹൃദയത്തിന്റെ ചേർച്ച എന്നിവ വിലയിരുത്തി അവയവം ലഭ്യമാകുന്ന മുറയ്ക്കാണ് ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നത്. വളരെയേറെ വെല്ലുവിളികളുള്ള ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ജനറൽ ആശുപത്രിയിൽ സജ്ജമാകുന്നതോടെ അതൊരു ചരിത്ര നിമിഷമാകും.

# സംരംഭകത്വ റെസിഡെൻഷ്യൽ വർക് ഷോപ്പ്

**കൊച്ചി:** പുതിയ സംരംഭം തുടങ്ങാൻ താൽപര്യപ്പെടുന്ന സംരംഭകർക്കായി അന്താരാഷ്ട്ര തൊഴിൽ സംഘടനയും വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസനസ്ഥാപനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റും ചേർന്ന് എട്ട് ദിവസത്തെ വർക് ഷോപ്പ് സംഘടിപ്പിക്കുന്നു. സംരംഭകൻ/ സംരംഭക ആകാൻ ആഗ്രഹിക്കുന്നവർക്ക് ഡിസംബർ അഞ്ച് മുതൽ13 വരെ കളമശ്ശേരിയിലുള്ള കീഡ് കാമ്പസ്സിൽ നടക്കുന്ന പരിശീലനത്തിൽപങ്കെടുക്കാം.താൽപര്യമുള്ളവർ http://kied.infot/raining-calender/ എന്ന വെബ്സൈറ്റ് സന്ദർശിച്ച് ഓൺലൈനായി അപേക്ഷ സമർപ്പിക്കണം.

ഫോൺ0484 2532890 / 2550322/9188922800.

# ഇന്ത്യൻ വനിത ക്രിക്കറ്റ് ടീമിന്റെ അഡിഡാസ് ജേഴ്സി പുറത്തിറക്കി




**മുംബൈ:** അഡിഡാസ് പുതുതായി ഡിസൈൻ ചെയ്ത ഇന്ത്യൻ വനിത ക്രിക്കറ്റ് ടീമിന്റെ ജേഴ്സി അനാച്ഛാദനം ചെയ്തു. ബിസിസിഐ ഭാരവാഹികൾ, വനിത ക്രിക്കറ്റ് ടീം ക്യാപ്റ്റൻ ഹർമൻപ്രീത് കൗർ തുടങ്ങിയവരുടെ സാന്നിധ്യത്തിൽ മുംബൈയിലെ ബിസിസിഐ ആസ്ഥാനത്തായിരുന്നു ജേഴ്സി അനാച്ഛാദനം. ഡിസംബർ 22ന് ആരംഭിക്കുന്ന ഇന്ത്യവെസ്റ്റ് ഇൻഡീസ് ഏകദിന പരമ്പരയിൽ ആദ്യമായി വനിതാ ക്രിക്കറ്റ് ടീം നീലനിറത്തിൽ ത്രിവർണ്ണ ഓംബ്രെ സ്ലീവുകളോട് കൂടിയ പുതിയ ജേഴ്സി ധരിക്കും, അടുത്ത വർഷം ആദ്യം നടക്കുന്ന ഐസിസി ചാമ്പ്യൻസ് ട്രോഫി ടൂർണമെന്റിൽ ഇന്ത്യൻ പുരുഷ ടീമും അഡിഡാസ് ജേഴ്സി ധരിക്കും.

ബിസിസിഐയുമായുള്ള പങ്കാളിത്തം ഏറെ അഭിമാനകരമാണെന്നും ഈ സഹകരണത്തിന്റെ രണ്ടാം വർഷത്തിലേക്ക് കടക്കുമ്പോൾ ഈ ചരിത്ര നിമിഷത്തെ ഏറെ ആവേശത്തോടെയാണ് നോക്കിക്കാണുന്നതെന്നും അഡിഡാസ് ഇന്ത്യ ജനറൽ മാനേജർ നീലേന്ദ്ര സിംഗ് പറഞ്ഞു.രാജ്യത്തെ വനിതാ ക്രിക്കറ്റ് ടീം ശ്രദ്ധേയമായ നാഴികക്കല്ലുകൾ പിന്നിട്ടിട്ടുണ്ടെന്നും കായികരംഗത്ത് സ്ത്രീകൾക്ക് തുല്യത കൈവരിക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുന്നതായും ബിസിസിഐ സെക്രട്ടറി ജയ് ഷാ പറഞ്ഞു. ഇന്ത്യൻ വനിതാ ടീമിന്റെ ക്യാപ്റ്റനെന്ന നിലയിൽ പുതിയ ഏകദിന ജേഴ്സി അനാച്ഛാദനം ചെയ്യുന്നത് തനിക്കും ടീമിനും ഏറെ അഭിമാനകരമായ നിമിഷമാണ് സമ്മാനിക്കുന്നതെന്ന് ഹർമൻപ്രീത് കൗർ പറഞ്ഞു.

2024 ഡിസംബർ രണ്ട് മുതൽ പൊതുജനങ്ങൾക്കായി ജേഴ്സി ലഭ്യമാകും. യഥാർത്ഥ ജേഴ്സിക്ക് 5999 രൂപയും ആരാധകർക്കായുള്ള ജേഴ്സിക്ക് 999 രൂപയുമാണ് വില. തിരഞ്ഞെടുത്ത അഡിഡാസ് സ്റ്റോറുകളിലും https://www.adidas.co.in/cricket വെബ്സൈറ്റിലും ലഭ്യമാണ്.

# ആമസോൺ മൾട്ടിചാനൽ ഫുൾഫിൽമെൻറ് സംവിധാനങ്ങൾ വിപുലീകരിക്കുന്നു

**കൊച്ചി:** ആമസോൺ ഇന്ത്യ തങ്ങളുടെ മൾട്ടിചാനൽ ഫുൾഫിൽമെൻറ് സംവിധാനങ്ങൾ വിപുലീകരിക്കുന്നു. വിൽപ്പനക്കാർക്കും ഡയറക്ട്ടുകൺസ്യൂമർ ബ്രാൻഡുകൾക്കുമായി ഓട്ടോമേഷൻ ശേഷിയും പണമടക്കൽ സംവിധാനങ്ങളും മെച്ചപ്പെടുത്താനും നടപടികൾ ആരംഭിച്ചു.

എപിഐ സംവിധാനങ്ങളും പേ ഓൺ ഡെലിവറി സൗകര്യവും സംയോജിപ്പിക്കാനുള്ള നടപടി ഇതിൻറെ മുഖ്യ ഘടകമാണ്. നേരത്തെ പരീക്ഷ അടിസ്ഥാനത്തിൽ നടപ്പാക്കിയ ഈ നടപടി ഇപ്പോൾ ഇന്ത്യ മുഴുവനായി വിപുലീകരിക്കുകയാണ്.

ഈ സേവനം ഒരൊറ്റ ഇൻവെൻററി സ്ഥലത്ത് നിന്ന് ഓർഡർ പ്രോസസ്സിംഗ്, ട്രാക്കിംഗ്, ഷിപ്പിംഗ് എന്നിവ ലളിതമാക്കുന്നു അങ്ങനെ പ്രത്യേക വെയർഹൗസുകളുടെയോ ലോജിസ്റ്റിക്സ് പങ്കാളികളുടെയോ ആവശ്യകത ഇല്ലാതാകുന്നു.

1000ലേറെ സംരംഭകരും ഡയറക്ട് ടു കൺസ്യൂമർ ബ്രാൻഡുകളുമാണ് ഇപ്പോൾ എംസിഎഫ് സേവനങ്ങൾ ഉപയോഗിക്കുന്നത്. 70 ശതമാനത്തിലേറെ ഡയറക്ട് ടു കൺസ്യൂമർ ഓർഡറുകളും ക്യാഷ് അധിഷ്ഠിതമാണ് എന്നതിനാൽ ഈ നീക്കങ്ങൾക്ക് ഏറെ പ്രാധാന്യമാണുള്ളത്.



**തിരുമല തിരുപ്പതി ദേവസ്ഥാനം (ടിടിഡി) അഡീഷണൽ എക്സിക്യൂട്ടീവ് ഓഫീസർ വെങ്കയ്യ ചൗധരി, ഔപചാരികമായി ഡിജിറ്റൽ സംഭാവന കിയോസ്ക് ഉദ്ഘാടനം ചെയ്തപ്പോൾ. സൗത്ത് ഇന്ത്യൻ ബാങ്ക് ജനറൽ മാനേജർ മോഹൻ ടിടിഡിയുടെ എക്സിക്യൂട്ടീവ് ഓഫീസർ ജെ. ശ്യാമള റാവു ഐ.എ.എസ്, ടിടിഡിയുടെ അഡീഷണൽ എക്സിക്യൂട്ടീവ് ഓഫീസർ സി. എച്ച്. വെങ്കയ്യ ചൗധരി, ശ്രീധർ, ടിടിഡി ചീഫ് വിജിലൻസ് ആൻഡ് സെക്യൂരിറ്റി ഓഫീസർ, (സി.വി.എസ്.ഒ.) രാജേന്ദ്ര, ടിടിഡി ഡെപ്യൂട്ടി എക്സിക്യൂട്ടീവ് ഓഫീസർ, സൗത്ത് ഇന്ത്യൻ ബാങ്ക് അസിസ്റ്റന്റ് ജനറൽ മാനേജർ മധു വി., വെങ്കിട റാവു, സൗത്ത് ഇന്ത്യൻ ബാങ്ക് ചീഫ് മാനേജർ, സൗത്ത് ഇന്ത്യൻ ബാങ്കിന്റെ തിരുപ്പതി ബ്രാഞ്ച് മേധാവി അശോക് വർദ്ധൻ എന്നിവർ സമീപം**




# സംസ്ഥാനത്തെ മാരിടൈം മേഖലയിൽ പിപിപി മാതൃക ഫലപ്രദം: മന്ത്രി വി. എൻ വാസവൻ

**കൊച്ചി:** കേരളത്തിന്റെ മാരിടൈം മേഖലയുടെ പുരോഗതിക്ക് വിഴിഞ്ഞത്ത് നടപ്പാക്കിയ പൊതുസ്വകാര്യ പങ്കാളിത്ത (പിപിപി) മാതൃക ഫലപ്രദമാണെന്നും ഭാവിയിൽ കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ ഇത് പരിഗണിക്കുമെന്നും സഹകരണ തുറമുഖ ദേവസ്വം വകുപ്പ് മന്ത്രി വി.എൻ. വാസവൻ പറഞ്ഞു. കേരള മാരിടൈം ബോർഡ് (കെഎംബി) ബോൾഗാട്ടി പാലസ് ആൻഡ് ഐലൻഡ് റിസോർട്ടിൽ സംഘടിപ്പിച്ച കേരള മാരിടൈം എജ്യുക്കേഷൻ കോൺഫറൻസ് (കെഎംഇസി 2024) ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.മാരിടൈം മേഖലയിൽ വൈദഗ്ധ്യമുള്ള പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിൽ പൊതുസ്വകാര്യ പങ്കാളിത്ത മാതൃക നിർണായക പങ്ക് വഹിക്കും. പിപിപി മാതൃകയിലൂടെ കേരളത്തിലെ മാരിടൈം സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനെക്കുറിച്ചുള്ള ചർച്ചകൾ നടന്നുവരികയാണ്. കൊല്ലത്തെ നീണ്ടകര, തൃശ്ശൂരിലെ കൊടുങ്ങല്ലൂർ എന്നിവിടങ്ങളിലെ കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകളിൽ (കെഎംഐ) പിപിപി മാതൃക കൊണ്ടുവരാനുള്ള ചർച്ചകൾ നടന്നുവരികയാണെന്നും അദ്ദേഹം പറഞ്ഞു.വിഴിഞ്ഞം തുറമുഖത്തിൻറെ കമ്മീഷനിംഗ് ഈ മാസം തന്നെ നടക്കുമെന്നും പരീക്ഷണ ഘട്ടത്തിൽ 67 ഓളം കപ്പലുകൾ തുറമുഖത്ത് നങ്കൂരമിട്ടതായും മന്ത്രി അറിയിച്ചു. രാജ്യത്തെ ഏറ്റവും മികച്ച മറൈൻ സംസ്ഥാനമായി കേന്ദ്രസർക്കാർ കേരളത്തെ തിരഞ്ഞെടുത്തിരുന്നു. കെഎംബിയുടെ കീഴിൽ 17 നോൺ മേജർ തുറമുഖങ്ങളുണ്ട്. കേരളത്തിലെ തീരപ്രദേശം പ്രയോജനപ്പെടുത്തിയാൽ അതിലൂടെ വികസനവും സമ്പദ്വ്യവസ്ഥയുടെ വളർച്ചയും സാധ്യമാകും. കേരളത്തെ വിജ്ഞാന സമ്പദ്വ്യവസ്ഥയാക്കുന്നതിൽ കെഎംബിയുടെ പ്രവർത്തനങ്ങൾ എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് കെഎംഇസി 2024 പരിപാടി ചർച്ച ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു. ഫിഷറീസ് തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ. എസ് ശ്രീനിവാസ് മുഖ്യ പ്രഭാഷണം നടത്തി.മാരിടൈം വിദ്യാഭ്യാസത്തിലെ മികവിൻറെ കേന്ദ്രമായി കേരളത്തെ വികസിപ്പിക്കാനുള്ള യത്നത്തിൻറെ ഭാഗമായി കേരള മാരിടൈം ബോർഡ് തയ്യാറാക്കിയ പുതിയ ലോഗോയും വീഡിയോയും ചടങ്ങിൽ മന്ത്രി പ്രകാശനം ചെയ്തു.ഷിപ്പിംഗ് ഡയറക്ടർ ജനറൽ ശ്യാം ജഗന്നാഥൻ,കെഎംബി ചെയർമാൻ എൻ എസ്. പിള്ള , ഐആർഎസ്എംഇ ചെയർപേഴ്സൺ കൊച്ചിൻ പോർട്ട് അതോറിറ്റി ബി. കാശിവിശ്വനാഥൻ, കെഎസ്ഐഎൻസി എംഡി ആർ. ഗിരിജ, കെഎംബി സിഇഒ ഷൈൻ എ ഹഖ്,വേൾഡ് മാരിടൈം യൂണിവേഴ്സിറ്റി എക്സിക്യൂട്ടീവ് ബോർഡ് അംഗം സഞ്ജം സാഹി ഗുപ്ത, ഗുജറാത്ത് മാരിടൈം യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. എസ്. ശാന്തകുമാർ, അദാനി വിഴിഞ്ഞം പോർട്ട് സിഇഒ പ്രദീപ് ജയരാമൻ, ഡിപി വേൾഡ് വല്ലാർപാടം ഐസിടിടി പോർട്ട് ടെർമിനൽ സിഇഒ പ്രവീൺ തോമസ് ജോസഫ് തുടങ്ങിയവർ സംസാരിച്ചു. മാരിടൈം വ്യവസായത്തിൻറെ വളർച്ചയ്ക്ക് ഊന്നൽ നൽകി സംഘടിപ്പിച്ച കോൺഫറൻസിൽ ഈ രംഗത്തെ പരിശീലനം, ഗവേഷണം എന്നിവയ്ക്കും നൂതന ആശയങ്ങൾക്കുമുള്ള പാനൽ ചർച്ചകൾ, പ്രഭാഷണങ്ങൾ എന്നിവയുമുണ്ടായിരുന്നു.

# ഇലക്ട്രോണിക് വീൽചെയറുകൾ നൽകി ഫെഡറൽ ബാങ്ക്




**കൊച്ചി:** ലോക ഭിന്നശേഷി ദിനത്തോടനുബന്ധിച്ച് ഇലക്ട്രോണിക് വീൽചെയറുകൾ നൽകി ഫെഡറൽ ബാങ്ക്. ബാങ്കിന്റെ സി എസ് ആർ പദ്ധതികളുടെ ഭാഗമായി ഫെഡറൽ ബാങ്ക് ഹോർമിസ് മെമോറിയൽ ഫൗണ്ടേഷനാണ് മൊബിലിറ്റി ഇൻ ഡിസ്ട്രോഫി ട്രസ്റ്റ് (മൈൻഡ് ട്രസ്റ്റ്) അംഗങ്ങൾക്ക് വീൽചെയറുകൾ നൽകിയത്.

കൊച്ചിയിലെ മറൈൻ ഡ്രൈവിലുള്ള ഫെഡറൽ ടവേഴ്സിൽ നടന്ന ചടങ്ങിൽ ഗുണഭോക്താക്കൾ വീൽചെയർ ഏറ്റുവാങ്ങി. ഒന്നേകാൽ ലക്ഷത്തിലധികം വിലവരുന്ന ഇരുപതോളം വീൽചെയറും അനുബന്ധ ഉപകരണങ്ങളുമാണ് നൽകിയത്. 4 മണിക്കൂർ ചാർജിങ്ങിലൂടെ 15 കി.മീ. സഞ്ചരിക്കാൻ സാധിക്കും.

ബാങ്കിന്റെ എറണാകുളം സോണൽ മേധാവി രഞ്ജി അലക്സ്, എറണാകുളം റീജിയണൽ മേധാവി മോഹനദാസ് ടി എസ്, മൈൻഡ് ട്രസ്റ്റ് ചെയർമാൻ സക്കീർ ഹുസൈൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു സംസാരിച്ചു.

കേരളത്തിലെ മസ്കുലർ ഡിസ്ട്രോഫി (എം.ഡി) സ്പൈനൽ മസ്കുലർ അട്രോഫി (എസ്.എം.എ) ബാധിതർക്ക് വേണ്ടി അതേ രോഗവസ്ഥയിലുള്ളവർ തന്നെ രൂപീകരിച്ച സംഘടനയാണ് മൊബിലിറ്റി ഇൻ ഡിസ്ട്രോഫി (മൈൻഡ്) ട്രസ്റ്റ്. എം.ഡി, എസ്.എം.എ ഉള്ളവരുടെ ഉന്നമനവും ക്ഷേമവും ലക്ഷ്യമാക്കിയുള്ള നിരന്തര പ്രവർത്തനങ്ങൾ മുൻനിർത്തി 202021 ലെ കേരള സംസ്ഥാന സാമൂഹിക നീതി വകുപ്പിന്റെ ഭിന്നശേഷിക്കാർക്ക് വേണ്ടി പ്രവർത്തിക്കുന്ന ഏറ്റവും മികച്ച സംഘടനയ്ക്കുള്ള പുരസ്കാരം മൈൻഡിന് ലഭിച്ചു.

സി എസ് ആർ പദ്ധതികളുടെ ഭാഗമായി ഫെഡറൽ ബാങ്ക് രാജ്യത്തൊട്ടാകെ അനേകം പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പ്രധാനമായും ആരോഗ്യപരിരക്ഷ, വിദ്യാഭ്യാസം, നൈപുണ്യവികസനം എന്നീ മേഖലകളിലാണ് ബാങ്ക് ഊന്നൽ നൽകുന്നത്.

# ഗ്രാമപ്രദേശങ്ങളിൽ പ്രഗതി സേവിങ്സ് അക്കൗണ്ടുമായി എച്ച്ഡിഎഫ്സി ബാങ്ക്

**കൊച്ചി:** സ്വകാര്യമേഖലാ ബാങ്കായ എച്ച്ഡിഎഫ്സി ബാങ്ക് ചെറുപട്ടണങ്ങളിലേക്കും ഗ്രാമപ്രദേശങ്ങളിലേക്കുമായുള്ള പ്രഗതി സേവിങ്സ് അക്കൗണ്ടിന്റെ തുടക്കം പ്രഖ്യാപിച്ചു. ചെറുപട്ടണങ്ങളിലും ഗ്രാമപ്രദേശങ്ങളിലുമായി തങ്ങളുടെ 51% ശാഖകളുള്ള എച്ച്ഡിഎഫ്സി ബാങ്ക് ഗ്രാമീണ സമ്പദ്‌വ്യവസ്ഥകളെ പിന്തുണയ്ക്കുകയും, സാമ്പത്തിക ഉൾപ്പെടുത്തലിന് പ്രേരണ നൽകുകയും ചെയ്യുന്നതിനാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് എച്ച്ഡിഎഫ്സി അധികൃതർ വ്യക്തമാക്കി. എച്ച്ഡിഎഫ്സി ബാങ്കിന്റെ പ്രഗതി സേവിങ്സ് അക്കൗണ്ട് ഭാരതത്തിലെ കർഷകരുൾപ്പെടെയുള്ള (പരമ്പരാഗത, കന്നുകാലി വളർത്തൽ, മത്സ്യബന്ധന, കോഴി വളർത്തൽ, പശുവളർത്തൽ എന്നിവയടങ്ങുന്ന) കാർഷികമേഖല, സ്വയം തൊഴിൽ കണ്ടെത്തിയ വ്യക്തികൾ, ഗ്രാമവാസികൾ, സ്വയം സഹായ സംഘങ്ങൾ, സഹകരണ സംഘങ്ങൾ എന്നിവയ്ക്കായി ഒരു സമഗ്ര ബാങ്കിങ് പരിസ്ഥിതി പടുത്തുയർത്താൻ ലക്ഷ്യമിടുന്നു.



# കേരള അഡ്വർടൈസിങ് ഏജൻസിസ് അസോസിയേഷൻ വാർഷിക ആഘോഷം

**കൊച്ചി:** കേരള അഡ്വർടൈസിങ് ഏജൻസിസ് അസോസിയേഷൻ എറണാകുളം ആലപ്പുഴ സോൺ 21ാം വാർഷിക ആഘോഷം കൊച്ചിയിൽ നടന്നു. ചലച്ചിത്ര താരം സിജോയ് വർഗീസ് ഉത്ഘാടനം ചെയ്തു. സ്റ്റേറ്റ് അഡ്വൈസറി ബോർഡ് ചെയർമാൻ എ ടി രാജീവ്, സോൺ വൈസ് പ്രസിഡന്റ് സുനിൽ കാത്തെ, സോൺ പ്രസിഡന്റ് കെ വി കൃഷ്ണകുമാർ, സ്റ്റേറ്റ് പ്രസിഡന്റ് രാജു മേനോൻ, ചലച്ചിത്ര താരം രാധിക, സ്റ്റേറ്റ് വൈസ് പ്രസിഡന്റ് ജോൺസ് പോൾ വളപ്പില സോൺ ട്രെഷറർ ബിനോ പോൾ, സോൺ ജോയിന്റ് സെക്രട്ടറി ശിവകുമാർ രാഘവ്, സോൺ സെക്രട്ടറി ഒ. പി പ്രജീഷ് തുടങ്ങിയവർ സംസാരിച്ചു.

# ടിസിഎസ് ഇൻക്വിസിറ്റീവ് 2024: കെ ബി ആദിത്യ ദേശീയ ചാമ്പ്യൻ




**കൊച്ചി:** ഐടി സർവീസസ്, കൺസൾട്ടിങ്, ബിസിനസ് സൊല്യൂഷൻസ് രംഗത്തെ ആഗോള മുൻനിരക്കാരായ ടാറ്റാ കൺസൾട്ടൻസി സർവീസസ് (ടിസിഎസ്) സംഘടിപ്പിക്കുന്ന ഇന്റർ സ്ക്കൂൾ ക്വിസ് മൽസരമായ ടിസിഎസ് ഇൻക്വിസിറ്റീവ് ദേശീയ തല വിജയികളെ പ്രഖ്യാപിച്ചു. ചാലക്കുടി വിജയഗിരി പബ്ലിക് സ്‌ക്കൂളിലെ കെ ബി ആദിത്യ ഇതു തുടർച്ചയായ രണ്ടാം വർഷവും ദേശീയ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. ഒഡിഷയിലെ ഭുവനേശ്വർ ഡിഎവി പബ്ലിക് സ്‌ക്കൂളിലെ ദിവ്യജ്യോതി സേനാപതി രണ്ടാം സ്ഥാനത്തെത്തി. ചെന്നൈ എഎംഎം സ്‌ക്കൂളിലെ ആര്യൻ ഘോഷ് മൂന്നാം സ്ഥാനത്തുമെത്തി.ഇന്ത്യയിലെ 700ൽ ഏറെ സ്‌ക്കൂളുകളിൽ നിന്നായി 8 മുതൽ 12 വരെയുള്ള ക്ലാസുകളിലെ പതിനായിരത്തിലേറെ വിദ്യാർത്ഥികളാണ് ടിസിഎസ് ഇൻക്വിസിറ്റീവിൽ പങ്കെടുത്തത്. വിദ്യാർത്ഥികളിലെ ബൗദ്ധിക ജിജ്ഞാസ വളർത്തുകയും വിവര സാങ്കേതികവിദ്യ, സയൻസ്, കായിക രംഗം, എഞ്ചിനീയറിങ്, ആർട്ട്സ് തുടങ്ങിയ മേഖലകളിലെ അവബോധം വളർത്തുകയും ലക്ഷ്യമിട്ടാണ് ഈ ക്വിസ് സംഘടിപ്പിച്ചത്. പിക്ബ്രെയിൻ എന്നറിയപ്പെടുന്ന ഗിരി ബാലസുബ്രഹ്മണ്യമായിരുന്നു ക്വിസ് മാസ്റ്റർ.ടിസിഎസ് ഇൻക്വിസിറ്റീവിൽ ഈ വർഷം ദൃശ്യമായ കഴിവുകൾ തന്നെ അൽഭുതപ്പെടുത്തിയതായി ടിസിഎസ് ചീഫ് ഫിനാൻഷ്യൽ ഓഫീസർ സമീർ സേക്സാരിയ പറഞ്ഞു. 8 മുതൽ 12 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾ വളരെ ആഴത്തിലുള്ള അറിവും ആത്മവിശ്വാസവും ജിജ്ഞാസയുമാണ് പ്രകടിപ്പിച്ചത്. അവരുടെ വേഗത്തിലുള്ള ചിന്തയും സങ്കീർണമായ വിഷയങ്ങൾ മനസിലാക്കാനുള്ള കഴിവും തികച്ചും ആവേശകരമാണ്. ഇന്ത്യയുടെ മികച്ച ഭാവിയെ കുറിച്ചുള്ള സൂചനകളാണ് ഇതു നൽകുന്നത്. എല്ലാ വിജയികളേയും അഭിനന്ദിക്കുന്നതായും അദ്ദേഹം പറഞ്ഞു.




# മൂന്നര വർഷത്തിനുള്ളിൽ കേരളത്തിൽ 44,000 കോടി രൂപയുടെ വ്യവസായ നിക്ഷേപം: മന്ത്രി പി രാജീവ്

**കൊച്ചി:** കേരളത്തിലെ വ്യവസായ മേഖല ഏറ്റവുമധികം നേട്ടങ്ങൾ സൃഷ്ടിച്ച കാലമാണിതെന്നും മൂന്നര വർഷത്തിനുള്ളിൽ 44,000 കോടി രൂപയുടെ നിക്ഷേപം കേരളത്തിനകത്തു നിന്നു മാത്രം ആകർഷിക്കാനായെന്നും മന്ത്രി പി രാജീവ്. 2025 ഫെബ്രുവരി 21, 22 തീയതികളിലായി കൊച്ചിയിൽ നടക്കുന്ന ഇൻവെസ്റ്റ് കേരള ആഗോള സമ്മേളനത്തിനു മുന്നോടിയായി 100 മുതൽ 500 കോടി രൂപ വരെ നിക്ഷേപം നടത്തുന്ന സംരംഭകർക്കായി സംഘടിപ്പിച്ച ഇൻവെസ്റ്റർ കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.2021 നു ശേഷം ഒരു കോടി രൂപയ്ക്കു മുകളിലായി മുടക്കുമുതലുള്ള 696 പുതിയ സംരംഭങ്ങളാണ് സംസ്ഥാനത്ത് ആരംഭിച്ചതെന്ന് മന്ത്രി പറഞ്ഞു. ഇതിൽ 203 സംരംഭങ്ങൾ 100 കോടിക്കു മുകളിൽ നിക്ഷേപിച്ചവയാണ്. 15925.89 കോടി രൂപയുടെ നിക്ഷേപമാണ് ഈ കാലയളവിൽ ആകെ ആകർഷിക്കാനായത്.

202223 സംരംഭക വർഷത്തിൻറെ ഭാഗമായി 3,43,083 സംരംഭങ്ങൾ ആരംഭിക്കാനും 21,299 കോടി രൂപയുടെ നിക്ഷേപം ആകർഷിക്കാനും 7 ലക്ഷം പേർക്ക് തൊഴിൽ നൽകാനുമായി. ഇതിൽ 31 ശതമാനം വനിതാ സംരംഭകരാണ്. വലിയ നിക്ഷേപമുള്ള കമ്പനികളുടെ എണ്ണത്തിലും പ്രവർത്തനത്തിലും സമാനമായ പുരോഗതിയാണ് ഈ കാലയളവിൽ സംസ്ഥാനം കൈവരിച്ചിട്ടുള്ളത്. നിരവധി വിദേശ കമ്പനികളും നിക്ഷേപത്തിനു തയ്യാറായി കേരളത്തിലേക്കു വരുന്നുണ്ട്. ഈ അനുകൂല്യ സാഹചര്യം കൂടുതൽ പ്രയോജനപ്പെടുത്തി, നിക്ഷേപ സാധ്യതയുള്ള പുതിയ മേഖലകളെക്കുറിച്ചുള്ള ചർച്ചകൾ ഉയർന്നു വരണമെന്നും മന്ത്രി ചൂണ്ടിക്കാട്ടി.വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ സുതാര്യമായതിൻറെ ഗുണപരമായ മാറ്റം സംസ്ഥാനത്തെ വ്യവസായ മേഖലയിലാകെ സംഭവിച്ചിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. 2023 ലെ സംസ്ഥാന വ്യവസായ നയത്തിൽ 22 മുൻഗണനാ മേഖലകൾ കണ്ടെത്തിയിട്ടുണ്ട്. ഈ മേഖലകളിൽ നിക്ഷേപം ആകർഷിക്കുന്നതിനായുള്ള നടപടികൾ മുന്നോട്ടുപോകുന്നു. ഇത്തരം അനുകൂലമായ വ്യവസായികാന്തരീക്ഷത്തിലാണ് അടുത്ത വർഷം ഇൻവെസ്റ്റ് കേരള ആഗോള സമ്മേളനം നടക്കാനൊരുങ്ങുന്നത്. ഇതിനു മുന്നോടിയായി സംഘടിപ്പിക്കുന്ന ഇൻവെസ്റ്റേഴ്സ് മീറ്റ്, സെക്ടർ മീറ്റ്, റോഡ് ഷോ തുടങ്ങിയ പരിപാടികൾ കേരളത്തിൻറെ നിക്ഷേപ സാധ്യതകൾ വർധിപ്പിക്കാൻ അവസരമൊരുക്കും. ഈസ് ഓഫ് ഡൂയിംഗ് ബിസിനസിൽ കേന്ദ്ര റാങ്കിംഗിൽ കേരളം നേടിയ ഒന്നാം സ്ഥാനം നിലനിർത്താനുള്ള കൂട്ടായ പരിശ്രമം ഉണ്ടാകണമെന്നും സംരംഭകർ കേരളത്തിലെ വ്യവസായ മേഖലയുടെ അംബാസഡർമാരായി മാറണമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്,കെഎസ്ഐഡിസി ചെയർമാൻ ബാലഗോപാൽ സി തുടങ്ങിയവർ സംസാരിച്ചു.കെഎസ്ഐഡിസി എംഡി എസ് ഹരികിഷോർ, വ്യവസായ വാണിജ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ കെ.എസ് കൃപകുമാർ, കിൻഫ്ര എംഡി സന്തോഷ് കോശി തോമസ്, കെഎസ്ഐഡിസി എക്സിക്യൂട്ടീവ് ഡയറക്ടർ ഹരികൃഷ്ണൻ ആർ, വ്യവസായ വാണിജ്യ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ലിപ്പിൻ റോയ് എൽഡി എന്നിവരും പരിപാടിയിൽ സംബന്ധിച്ചു.

കേരളത്തിലെ 100 മുതൽ 500 കോടി രൂപ വരെ നിക്ഷേപം നടത്തുന്ന വിവിധ മേഖലകളിലുള്ള 250 സംരംഭകർ കോൺക്ലേവിൽ പങ്കെടുത്തു.

# കാൻസർ നേരത്തെ കണ്ടെത്താൻ നൂതന സംവിധാനവുമായി റിലയൻസ്

**ബംഗളൂരു/കൊച്ചി:** പ്രമുഖ ജനിതകശാസ്ത്ര, ബയോ ഇൻഫോർമാറ്റിക്സ് കമ്പനിയായ സ്ട്രാൻഡ് ലൈഫ് സയൻസസ്, ഒന്നിലധികം അർബുദങ്ങൾ നേരത്തെ കണ്ടെത്തുന്നതിന് സഹായിക്കുന്ന നവീന ബ്ലഡ് ടെസ്റ്റ് സംവിധാനം ലോഞ്ച് ചെയ്തു. കാൻസർസ്പോട്ട് എന്നാണ് ഈ രക്തപരിശോധനസംവിധാനത്തിന് പേര് നൽകിയിരിക്കുന്നത്. മുകേഷ് അംബാനി നയിക്കുന്ന റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമാണ് സ്ട്രാൻഡ് ലൈഫ് സയൻസസ്.




കാൻസർ സ്പോട്ട് പരിശോധനയിൽ കാൻസർ ട്യൂമർ ഡിഎൻഎ ശകലങ്ങൾ തിരിച്ചറിയാൻ ഏറ്റവും പുതിയ മെത്തിലേഷൻ പ്രൊഫൈലിംഗ് സാങ്കേതികവിദ്യയാണ് ഉപയോഗിക്കുന്നത്.ലളിതമായ രക്തസാമ്പിളാണ് കാൻസർ സ്പോട്ട് ഉപയോഗപ്പെടുത്തുന്നത്. രക്തത്തിലെ കാൻസറിന്റെ ഡിഎൻഎ മെഥിലേഷൻ സിഗ്നേച്ചറുകൾ തിരിച്ചറിയാൻ ജെനോം സീക്വൻസിംഗും വിശകലന പ്രക്രിയയും ഉപയോഗിക്കുകയയാണ് ചെയ്യുന്നത്. ആഗോളതലത്തിൽ ഉപയോഗിക്കാൻ സാധ്യമാകുന്നതാണ് പുതിയ സംവിധാനമെന്ന് കമ്പനി അവകാശപ്പെടുന്നു. കാൻസർ നേരത്തെ കണ്ടെത്തുന്നതിനുള്ള സ്ട്രാൻഡിന്റെ നൂതനാത്മകമായ പരിശോധന തങ്ങളുടെ വിഷൻ പ്രതിഫലിപ്പിക്കുന്നുവെന്ന് റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് ഡയറക്ടർ ഇഷാ അംബാനി പിരമൾ പറഞ്ഞു.ആരോഗ്യസേവനങ്ങളെ വിപ്ലവാത്മകമായ രീതിയിൽ പരിവർത്തനപ്പെടുത്തുന്ന പദ്ധതിയുടെ ഭാഗമാണിത്. ആരോഗ്യ സേവനം മെച്ചപ്പെടുത്തുന്നതിന് ജെനോമിക്സിന്റെ ശക്തി പരമാവധി ഉപയോഗപ്പെടുത്തുകയാണ് ഞങ്ങൾ ജെനോമിക്സ് ഡയഗ്നസ്റ്റിക്സ് ആൻഡ് റീസർച്ച് സെന്ററും അത് തന്നെയാണ് ബോധ്യപ്പെടുത്തുന്നതെന്ന് ഇഷ കൂട്ടിച്ചേർത്തു. കാൻസറിനെതിരെയുള്ള യുദ്ധത്തിലെ ഏറ്റവും പ്രധാന ഘടകം നേരത്തെ അത് കണ്ടെത്തുന്നതാണെന്ന് സ്ട്രാൻഡ് ലൈഫ് സയൻസസ് സിഇഒയും സഹസ്ഥാപകനുമായ ഡോ. രമേഷ് ഹരിഹരൻ പറഞ്ഞു.അതിലൂടെ വിജയിക്കാൻ നമുക്ക് സാധിക്കുമെന്നും ഞങ്ങളുടെ 24 വർഷ ചരിത്രത്തിൽ ഇത് ചരിത്രപരമായ നാഴികക്കല്ലാണെന്നും ഡാ. രമേഷ് ഹരിഹരൻ പറഞ്ഞു.



# യൂറോപ്യൻ യൂണിയൻ പ്രതിനിധി സംഘം ഐ സി എ ആർ സിഫ്ട് സന്ദർശിച്ചു

കൊച്ചി: യൂറോപ്യൻ യൂണിയൻ പ്രതിനിധി സംഘം കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ സി എ ആർ സിഫ്റ്റ് ഇന്ന് സന്ദർശിച്ചു. ഡിസംബർ 2 മുതൽ 5 വരെ യൂറോപ്യൻ യൂണിയൻ റിസർച്ച് ആന്റ് ഇന്നൊവേഷൻ കൗൺസിലറുടെ കേരളത്തിലെ പ്രാദേശിക സന്ദർശനത്തിന്റെ ഭാഗമായിരുന്നു സന്ദർശനം.ഇന്ത്യയിലെ യൂറോപ്യൻ യൂണിയൻ പ്രതിനിധി സംഘത്തിന്റെ മുഖ്യ കൗൺസിലറും റിസർച്ച് ആൻഡ് ഇന്നൊവേഷൻ മേധാവിയുമായ ശ്രീ. പിയറിക് ഫിലിയൻ അഷിദയുടെ നേതൃത്വത്തിലാണ് പ്രതിനിധി സംഘം സിഫ്ട് സന്ദർശിച്ചത്. ഇന്ത്യയിലെ യൂറോപ്യൻ യൂണിയൻ ഡെലിഗേഷൻ റിസർച്ച് ആൻഡ് ഇന്നൊവേഷൻ അഡ്വൈസർ ഡോ. വിവേക് ധാം ഉം മറ്റ് ഏഴ് അംഗരാജ്യങ്ങളിൽ നിന്നുള്ള യൂറോപ്യൻ യൂണിയൻ പ്രതിനിധി സംഘവും സന്ദർശനത്തിൽ ഉണ്ടായിരുന്നു. സിഫ്ട് ഡയറക്ടർ ഡോ. ജോർജ്ജ് നൈനാനും സിഫ്റ്റിലെ ഡിവിഷൻ മേധാവികളും പ്രതിനിധി സംഘത്തെ സ്വാഗതം ചെയ്തു. സിഫ്ട്ൽ നടക്കുന്ന അത്യാധുനിക ഗവേഷണങ്ങളും സാങ്കേതിക വിദ്യകളും അടുത്തറിയുക, കൂടാതെ യൂറോപ്യൻ യൂണിയൻ, അംഗരാജ്യങ്ങൾ, മുൻനിര ഇന്ത്യൻ ഗവേഷണ സ്ഥാപനങ്ങൾ എന്നിവയ്ക്കിടയിൽ നവീന ശാസ്ത്രസാങ്കേതിക മേഖലകളിൽ ഗവേഷണ പങ്കാളിത്തം വളർത്തുക എന്നിവയാണ് സന്ദർശനത്തിന്റെ പ്രാഥമിക ലക്ഷ്യം. സമുദ്ര മൽസ്യ മാലിന്യ സംസ്കരണം, ബ്ലൂ എക്കണോമി സംരംഭങ്ങൾ, വൺ ഹെൽത്ത് ആൻഡ് ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് (എഎംആർ), സുസ്ഥിര മത്സ്യബന്ധനം തുടങ്ങിയ സിഫ്റ്റിന്റെ പ്രവർത്തനങ്ങളിൽ പ്രതിനിധി സംഘം അതീവ താൽപര്യം പ്രകടിപ്പിച്ചു.

യൂറോപ്യൻ യൂണിയന്റെ ഏറ്റവും വലിയ റിസർച്ച് ആന്റ് ഇന്നോവേഷൻ ഫണ്ടിംഗ് പ്രോഗ്രാമായ 'ഹൊറിസോൺ യൂറോപ്പിന്' കീഴിൽ സഹകരണത്തിനുള്ള സാധ്യതകളും സംഘം ചർച്ച ചെയ്തു. നിർണായക മേഖലകളിൽ ഇന്ത്യൻ ഗവേഷണ സ്ഥാപനങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നതും സഹകരണപരമായ മുന്നേറ്റങ്ങൾക്ക് ഉപയുക്തമായ ധനസഹായ അവസരങ്ങളും പ്രതിനിധികൾ ചൂണ്ടിക്കാട്ടി.

സിഫ്ട് ഡയറക്ടർ ഡോ. ജോർജ് നൈനാൻ, സുസ്ഥിര മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കൽ, ആഗോള ബ്ലൂ എക്കണോമി എന്നിവ സംബന്ധിച്ച് സംസാരിച്ചു. മൽസ്യ സാങ്കേതികവിദ്യയിലും നൂതനാശയങ്ങളിലും ഐസിഎആർ സിഫ്റ്റ് നൽകിയ സംഭാവനകളെ പിയറിക് ഫിലിയൻഅഷിദ അഭിനന്ദിച്ചു. ആഗോള വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നതിനും സുസ്ഥിര വികസനത്തിൽ സംയുക്ത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും സഹകരണങ്ങൾ അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

# ഐസിഐസിഐ പ്രൂ : ഉൽപാദന ക്ഷമതയിൽ 37 ശതമാനം വർധനവ്

**കൊച്ചി:** ഐസിഐസിഐ പ്രുഡെൻഷ്യൽ ലൈഫിൻറെ അഡ്വൈസർമാർക്കായുള്ള ഐപ്രൂ എഡ്ജിൻറെ അഡ്വൈസർ സ്റ്റാക്ക് വഴി ഏജൻറുമാരുടെ ഉൽപാദന ക്ഷമത നടപ്പു സാമ്പത്തിക വർഷത്തിൻറെ ആദ്യ പകുതിയിൽ 37 ശതമാനം വർധനവ് രേഖപ്പെടുത്തിയതായി ഐസിഐസിഐ പ്രുഡെൻഷ്യൽ ലൈഫ് ഇൻഷൂറൻസ് ഉൽപന്ന, വിപണന വിഭാഗം മേധാവി ശ്രീനിവാസ് ബാലസുബ്രഹ്മണ്യൻ പറഞ്ഞു. വിപുലമായ ഉപഭോക്തൃ നിരയിലൂടെ ഉയർന്ന വരുമാനം നേടാൻ സഹായിക്കുകയും കമ്പനിയെ ഏറ്റവും മികച്ച ലൈഫ് ഇൻഷൂറൻസ് സ്ഥാപനമായി സ്വീകരിക്കപ്പെടാൻ വഴിയൊരുക്കുകയും ചെയ്യുന്നതാണ് ഈ നീക്കം. അർഹരായ എല്ലാ അഡ്വൈസർമാർക്കും അതേ ദിവസം തന്നെ സ്റ്റാക് പെയ്ഡ് വഴി കമ്മീഷൻ നൽകുന്നുമുണ്ട്. മുൻനിര അഡ്വൈസർമാരിൽ ഏതാണ്ട് 61 ശതമാനം പേരും സ്റ്റാക്കിൻറെ സജീവ ഉപഭോക്താക്കളുമാണ്.ഉപഭോക്താക്കൾക്ക് കടലാസ് രഹിത വാങ്ങൽ സാധ്യമാക്കാനും ഇതു സഹായകമാണ്. കമ്പനിയുടെ രണ്ടു ലക്ഷത്തിലേറെ വരുന്ന അഡ്വൈസർ നിരയെ തങ്ങളുടെ ബിസിനസ് ഫലപ്രദമായി വളർത്താനും പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യാനും മെച്ചപ്പെട്ട ഉപഭോക്തൃ അനുഭവങ്ങൾ നൽകാനും അഡ്വൈസർ സ്റ്റാക്ക് സഹായിക്കുന്നുണ്ട്.തങ്ങളുടെ ബിസിനസ് വളർത്താനുള്ള ശക്തമായ സംവിധാനങ്ങളാണ് അഡ്വൈസർ സ്റ്റാക് തങ്ങളുടെ അഡ്വൈസർമാർക്കു നൽകുന്നതെന്നും ശ്രീനിവാസ് ബാലസുബ്രഹ്മണ്യൻ പറഞ്ഞു. പുതിയ ബിസിനസിനായി ലോഗിൻ ചെയ്യാനും ലീഡ് അവസരങ്ങൾ നൽകാനും ഉപഭോക്തൃ സേവനങ്ങൾ നൽകാമുമെല്ലാം ഇതു സഹായിക്കുന്നതായും അദ്ദേഹം ചൂണ്ടിക്കാട്ടി.

# ഹോണ്ട കാർസ് ഇന്ത്യ നവംബറിൽ 10,726 കാറുകൾ വിറ്റു

**ന്യൂഡൽഹി:** ഇന്ത്യയിലെ പ്രീമിയം കാറുകളുടെ മുൻനിര നിർമ്മാതാക്കളായ ഹോണ്ട കാർസ് ഇന്ത്യ ലിമിറ്റഡ് (എച്ച്സിഐഎൽ) 2024 നവംബറിൽ മൊത്തം 10,726 യൂണിറ്റ് വിൽപ്പന രേഖപ്പെടുത്തി. നവംബർ '24ലെ കമ്പനിയുടെ ആഭ്യന്തര വിൽപ്പന 5,005 യൂണിറ്റും കയറ്റുമതി 5,721 യൂണിറ്റുമായിരുന്നുവെന്ന് ഹോണ്ട കാർസ് ഇന്ത്യ ലിമിറ്റഡിന്റെ മാർക്കറ്റിംഗ് ആന്റ് സെയിൽസ് വൈസ് പ്രസിഡന്റ് കുനാൽ ബെൽ പറഞ്ഞു, നവംബറിലെ തങ്ങളുടെ വിൽപ്പന പ്രകടനം തങ്ങളുടെ പ്ലാനിന് അനുസൃതമായിരുന്നു. ബ്രാൻഡിനായുള്ള ശക്തമായ വിപണി ബന്ധം ഉയർത്തിക്കാട്ടുന്ന പുതിയ അമേസിനായി ഉപഭോക്താക്കൾക്കിടയിൽ വളരെയധികം ആവേശമുണ്ട്. മറുവശത്ത്, കയറ്റുമതി വിപണികളിൽ എലിവേറ്റിനുള്ള ശക്തമായ ഡിമാൻഡ് മൂലം തങ്ങളുടെ കയറ്റുമതി വളരുകയാണ്.'നവംബർ 2023ൽ ആഭ്യന്തര വിൽപ്പനയിൽ 8,730 യൂണിറ്റുകൾ രജിസ്റ്റർ ചെയ്ത കമ്പനി 3,161 യൂണിറ്റുകൾ കയറ്റുമതി ചെയ്തിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

## മിസ് കേരള 2024; റജിസ്ട്രേഷൻ ഡിസംബർ അഞ്ചുവരെ

**കൊച്ചി:** ഇംപ്രസാരിയോ മിസ് കേരള 2024 മത്സരങ്ങളുടെ റജിസ്ട്രേഷൻ ഡിസംബർ അഞ്ചിന് അവസാനിക്കും. 1999ൽ ആരംഭിച്ച മിസ് കേരള മത്സരം 25ാം വർഷത്തിലേക്കാണ് പ്രവേശിക്കുന്നത്. ഇംപ്രസാരിയോ ഇവന്റ് മാനേജ്മെന്റ് കമ്പനി സംഘടിപ്പിച്ച മിസ് കേരളയിലൂടെയാണ് രഞ്ജിനി ഹരിദാസ്, റിമ കല്ലിങ്കൽ, ദീപ്തി സതി, ഗായത്രി സുരേഷ്, റിനു മാത്യൂസ്, തൻവി റാം, രോഹിണി മറിയം ഇടിക്കുള തുടങ്ങി നിരവധി പ്രമഖർ തുടക്കം കുറിച്ചത്. 18നും 25നും ഇടയിൽ പ്രായമുള്ള അഞ്ചടി രണ്ടിഞ്ചിന് മീതെ ഉയരമുള്ള മാതാപിതാക്കളിൽ ഒരാളെങ്കിലും മലയാളിയായ പെൺകുട്ടികൾക്ക് മത്സരത്തിൽ പങ്കെടുക്കാൻ റജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് www.misskerala.org.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ 9567964888 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

